بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 9

ലക്കം 43

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഒക്ടോബർ 24/ഹി.ശം 1403 അഖാഅ് 24/ഹി:ഖ 1446 റബീഉൽ ആഖർ 20

## അല്ലാഹുവിന്റെ വചനം

وَسَخَّرَ لَکُمُ الَّیۡلَ وَالنَّہَارَ ۙ وَالشَّمۡسَ وَالۡقَمَرَ ؕ وَالنُّجُوۡمُ مُسَخَّرٰتٌۢ بِاَمۡرِہٖ ؕ اِنَّ فِیۡ ذٰلِکَ لَاٰیٰتٍ لِّقَوۡمٍ یَّعۡقِلُوۡنَ ۙ

(سورہ النحل، آیت 13)

രാവിനേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങളുടെ സേവനത്തിന് ഏർപ്പെടുത്തിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപ്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്. ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**ദാനം ചെയ്തത് തിരിച്ചു വാങ്ങരുത്.**

(2623) ഹദ്റത്ത് ഉമർؓ നിവേദനം. അല്ലാഹുവിന്റെ മാർഗത്തിൽ സവാരി ചെയ്യാൻ ഒരാൾക്ക് ഞാനൊരു കുതിരയെ ദാനധർമം ചെയ്തു. അയാൾ ആ കുതിരയെ പാഴാക്കി. അപ്പോൾ അതിങ്ങോട്ടു വിലക്കു വാങ്ങിയെങ്കിലോ എന്ന് ഞാനുദ്ദേശിച്ചു. മാത്രമല്ല തുച്ഛവിലക്ക് അയാളത് വിൽക്കുമെന്ന് ഞാൻ ഊഹിച്ചു. നബിﷺ തിരുമേനിയോടു ഞാൻ അഭിപ്രായമാരാഞ്ഞു. അവിടന്ന് പറഞ്ഞു: നീ അതു വാങ്ങരുത്. നീ ദാനം ചെയ്ത വസ്തുവിലേക്ക് നീ തിരിച്ചു പോകരുത്; ഒരു ദിർഹമിന് നിനക്കതു ലഭിച്ചാലും. നിശ്ചയം ദാനം ചെയ്തതു തിരിച്ചു വാങ്ങുന്നവൻ ഛർദിച്ചത് വീണ്ടും ഭക്ഷിക്കുന്നവനെപ്പോലെയാണ്.

(2624) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉബയ്ദുല്ലാഹ് ബിൻ അബീ മലീക്കയിൽ നിന്ന് നിവേദനം. ഇബ്നു ജുദ്ആൻ മോചിപ്പിച്ച അടിമ സ്വുഹയ്ബിന്റെ മക്കൾ വീടിന്റെ രണ്ടു കിടപ്പുമുറികളും ഒരു അറയും തങ്ങളുടേതാണെന്ന് വാദിച്ചു. നബിﷺതിരുമേനി ഇതിന്റെ അടിസ്ഥാനത്തിൽ ഇതു സ്വുഹയ്ബിന് നൽകിയതായിരുന്നു. അപ്പോൾ മർവാൻ പറഞ്ഞു: നിങ്ങൾക്കുവേണ്ടി ഇക്കാര്യത്തിനാരെങ്കിലും സാക്ഷി നിൽക്കുമോ? അദ്ദേഹം പറഞ്ഞു: ഹ്ദറത്ത് (അബ്ദുല്ലാഹ് ബിൻ) ഉമർ. മർവാൻ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം സാക്ഷി പറഞ്ഞു; നബിﷺതിരുമേനി ഹദ്റത്ത് സ്വുഹയ്ബിന് തീർച്ചയായും ഉറങ്ങാനുള്ള രണ്ടു മുറിയും ഒരു അറയും നൽകിയിരുന്നു. അങ്ങനെ മർവാൻ, ഹദ്റത്ത് അബ്ദുല്ലായുടെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് അനുകൂലമായി വിധി പറഞ്ഞു. *(സ്വഹീഹുൽ ബുഖാരി, വാള്യം 4, കിതാബുൽഹിബ)*

**ചില നമസ്കാരങ്ങൾക്ക് 15 മിനുട്ടിനേക്കാളും കുറഞ്ഞ സമയമാണെടുക്കുക. അപ്പോൾപ്പിന്നെ നമസ്കാരത്തിന്റെ സമയങ്ങളെ പാഴ്‌വേലയായി മനസ്സിലാക്കുന്നത് വലിയ വിസ്മയകരമായകാര്യമാണ്. ഇതിൽ എത്രമാത്രം നന്മകളും നേട്ടങ്ങളുമാണുള്ളത്. പകലും രാത്രിയും മുഴുവൻ വ്യർഥവും അനാവശ്യവുമായ കാര്യങ്ങളിൽ അല്ലെങ്കിൽ കളിതമാശകളിൽ നഷ്ടപ്പെടുത്തുന്നതിന് 'തിരക്ക്'എന്ന പേരും വെക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ ഉപദേശങ്ങൾ

നമസ്കരിക്കുകയും വുളു എടുക്കുകയും ചെയ്യുകയെന്നത് വൈദ്യസംബന്ധമായ നേട്ടമുൾക്കൊള്ളുന്നതാണ്. വൈദ്യന്മാർ പറയുന്നത് എല്ലാ ദിവസവും മുഖം കഴുകാത്തവന് ചെങ്കണ്ണുണ്ടാകുന്നുവെന്നാണ്. ഇത് കണ്ണിൽനിന്നുള്ള വെള്ളമൊഴുക്ക് രോഗത്തിന് തുടക്കമാകാം. ധാരാളം രോഗങ്ങൾ അതുമുഖേനയുണ്ടാകുന്നു. അപ്പോൾ പറയുക, വുളു ചെയ്തുകൊണ്ടിരിക്കുമ്പോൾ മരണം എന്തുകൊണ്ടാണ് വരുന്നത്? പ്രത്യക്ഷത്തിൽ എത്ര നല്ല കാര്യമാണ്. വായിൽ വെള്ളം കയറ്റി കൊപ്ലിക്കേണ്ടതുണ്ട്. പല്ല് തേക്കുന്നതുകൊണ്ട് വായനാറ്റമകലുന്നു. പല്ലിന് കരുത്ത് കൂടുന്നു. പല്ലിന് കരുത്ത് വരുമ്പോൾ കട്ടിയുള്ള ഭക്ഷണം ചവച്ചരയ്ക്കുന്നതിനും വേഗം അതിനെ ദഹിപ്പിക്കുന്നതിനും കാരണമായിത്തീരുന്നു. പിന്നെ മൂക്ക് വൃത്തിയാക്കേണ്ടതുണ്ട്. മൂക്കിലെന്തെങ്കിലും നാറ്റം കടന്നാൽ തലച്ചോറിന് ബുദ്ധിമുട്ടുണ്ടാകുന്നു. ഇനി പറയുക. ഇതിലുള്ള ദോഷമെന്താണ്? ഇതിനുശേഷം തന്റെ ആവശ്യങ്ങൾ അവൻ അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നു. അവന് തന്റെ ഉദ്ദേശ്യങ്ങൾ പറയാൻ അവസരങ്ങൾ ലഭിക്കുന്നു. ദുആ ചെയ്യുന്നതിന് സന്ദർഭമുണ്ടാകുന്നു. ഏറ്റവും കൂടിയാൽ നമസ്കാരത്തിനെടുക്കുന്നത് ഒരു മണിക്കൂറാണ്. ചില നമസ്കാരങ്ങൾക്ക് 15 മിനുട്ടിനേക്കാളും കുറഞ്ഞ സമയമാണെടുക്കുക. അപ്പോൾപ്പിന്നെ നമസ്കാരത്തിന്റെ സമയങ്ങളെ പാഴ്‌വേലയായി മനസ്സിലാക്കുന്നത് വലിയ വിസ്മയകരമായ കാര്യമാണ്. ഇതിൽ എത്രമാത്രം നന്മകളും നേട്ടങ്ങളുമാണുള്ളത്. പകലും രാത്രിയും മുഴുവൻ വ്യർഥവും അനാവശ്യവുമായ കാര്യങ്ങളിൽ അല്ലെങ്കിൽ കളിതമാശകളിൽ നഷ്ടപ്പെടുത്തുന്നതിന് 'തിരക്ക്' എന്ന പേരുവെക്കുന്നു. ശക്തമായ ഈമാനുണ്ടെങ്കിൽ ശക്തമായത് അവിടെ നിൽക്കട്ടെ, വിശ്വാസം തന്നെയുമുണ്ടെങ്കിൽ ഈ അവസ്ഥ ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? ഇത്രത്തോളം അവസ്ഥ എങ്ങനെയാണ് വന്നത്. ഇത്രയൊക്കെയായിട്ടും ഇത്രമാത്രം ഈമാനികാവസ്ഥ അധഃപതിച്ചിട്ടും ആരെങ്കിലും ഈ ദൗർബല്യം

ശേഷം പേജ് 9 ൽ

**അല്ലാഹുവിൽനിന്ന് ലോകത്ത് ഏതെങ്കിലും ജമാഅത്ത് സ്ഥാപിക്കപ്പെടുമ്പോൾ ആ നേരത്ത് ശയ്ത്വാനുമായി ബന്ധപ്പെട്ട ദുരാത്മാക്കൾ അല്ലെങ്കിൽ ചില പാപങ്ങൾ കാരണത്താൽ ശയ്ത്വാൻ ആരുടെമേലാണോ ആധിപത്യം സ്ഥാപിച്ചിട്ടുള്ളത് അവർ ആവേശത്തിമർപ്പിൽ വരുന്നു. അവർ തങ്ങളുടെ മുഴുവൻ ശക്തിയും ഒരു വിധത്തിലും സത്യം ലോകത്ത് പരക്കാതിരിക്കാൻ ചെലഴിക്കുന്നു.**

**എന്നാൽ, അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങളോടുകൂടി നബിമാരെ പിന്തുണയ്ക്കുകയും ശയ്ത്വാനെ അവന്റെ എല്ലാ പദ്ധതികളിലും പരാജയപ്പെടുത്തുകയും ചെയ്യുന്നു.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓസൂറത്തുൽ ഹജ്ജിലെ 53-ാമത്തെ ആയത്തിനും തുടർന്നുള്ള ആയത്തുകൾക്കും നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: 'സകല ഉദ്ദേശ്യങ്ങളുടേയും ആഗ്രഹങ്ങളുടേയും അഭിലാഷങ്ങളുടേയും തുടിപ്പിന്റേയും മുമ്പിൽ ശയ്ത്വാൻ തടസമുണ്ടാക്കാത്തതായ ഒരു നബിയും റസൂലും ഇന്നേവരെ വന്നിട്ടില്ല. കാരണം നബി വിജയിക്കുകയാണെങ്കിൽ തനിക്കെവിടേയും നിലനില്പില്ലെന്ന് അവനറിയാം. ഏതുപോലെയെന്നാൽ മരിക്കാൻ പോകുന്നയാൾ എങ്ങനെയെങ്കിലും മരണത്തിന്റെ പിടിത്തത്തിൽനിന്ന് പുറത്തുചാടാൻ സകല കഴിവും പയറ്റുന്നതുപോലെ ശയ്ത്വാനും അവന്റെ സന്താനങ്ങളും അവരുടെ ജമാഅത്തുകൾക്കെതിരിൽ സർവശക്തിയും ചെലുത്തുന്നു. മരിക്കാൻ പോകുന്നവരെ കണ്ടിട്ടുള്ള വർ0ക്കറിയാം ദുൻയാവിനെ കുറിച്ചോ അതിലുള്ളതിനെ കുറിച്ചോ ഒന്നും അറിയാത്ത അയാളുടെ ആ അബോധാ

ശേഷം പേജ് 8 ൽ

### ഈ ലക്കത്തിൽ

ജുമുഅ ഖുത്ബ
20 സെപ്റ്റംബർ 2024

റിപ്പോർട്ട് : ജർമൻ പര്യടനം

### 129-ാമത് ജൽസ സാലാന ഖാദിയാൻ 2024 ഡിസംബർ 27, 28, 29 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് 129-ാമത് ജൽസസാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29 തിയതികളിൽ (വെള്ളി, ശനി, ഞായർ) നടത്താൻ അനുവാദം തന്നിരിക്കുന്നു. സഹോദരങ്ങളെല്ലാവരും ദുആകളോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തോടെ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹുത്തആലാ ഏറ്റവും കൂടുതൽ സഹോദരങ്ങൾക്ക് ഈ ജൽസയിൽ പങ്കെടുത്ത് ഈ ദൈവികജൽസയിൽനിന്ന് ഉപകാരം നേടാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. *(നാള്വിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നബിﷺതിരുമേനി പറഞ്ഞു:**

**അബ്ശിറൂ യാ മഅ്ശറൽ മുഅ്മിനീന ബി നസ്‌രില്ലാഹിത്തആലാ വ ഔനിഹീ**
**അല്ലയോ മുഅ്മിനീങ്ങളുടെ സംഘമേ!അല്ലാഹുവിന്റെ സഹായത്തോടും പിന്തുണയോടും കൂടി സന്തോഷിക്കുവിൻ!**

**എനിക്ക് ദൃഢവിശ്വാസമുണ്ട്. ഞാൻ കഅ്ബ ത്വവാഫ് ചെയ്യുന്ന ഒരു സമയം വരുന്നതായിരിക്കും. അതിന്റെ താക്കോലുകൾ എന്റെ കൈയിലായിരിക്കും. കിസ്റായും ഖയ്സറും നശിച്ചൊടുങ്ങുന്നതായിരിക്കും. അവരുടെ സമ്പത്ത് ദൈവികവഴിയിൽ ചെലവഴിക്കപ്പെടുന്നതുമായിരിക്കും.**

**ചിലയാളുകളും നമ്മുടെ യുവാക്കളും അന്യരുടെ വാക്കുകൾകേട്ട് ബനൂ ഖുറ്‌ളയ്ക്കുമേൽ ആ സമയത്ത് എന്തുകൊണ്ടാണ് ആക്രമണം നടന്നതെന്ന് ചോദിക്കുന്നു. അവർ വാഗ്ദാന ലംഘനം നടത്തിയത് കൊണ്ട് ശിക്ഷിക്കപ്പെട്ടതായിരുന്നു.**

**അഹ്സാബ് യുദ്ധത്തിന്നിടയിൽ ഭക്ഷണങ്ങളിൽ ബർക്കത്തുണ്ടായ സംഭവങ്ങൾ, കിടങ്ങു കുഴിക്കുന്നതിനിടയിൽ മുനാഫിഖീങ്ങളുടേയും മുഅ്മിനീങ്ങളുടേയും അവസ്ഥ, നബിﷺതിരുമേനിയുടെ യുദ്ധത്തിനുള്ള തയ്യാറെടുപ്പ്, മുസ്‌ലിമീങ്ങളുടെ എണ്ണം, മുശ്‌രിക്കീങ്ങൾ മദീനയിലെത്തിയതും അതിനുശേഷവമുള്ള അവസ്ഥകൾ, ഇപ്രകാരം തന്നെ ഖുറയ്‌ള ഗോത്രത്തിന്റെ വഞ്ചനയുടെ വിവരണം.**

**ഇന്നുമുതൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാ ആരംഭിക്കുകയാണ്......ഈ ദിവസങ്ങളിൽ ഖുദ്ദാം തങ്ങളുടെ ആത്മീയവും വൈജ്ഞാനികവുമായ നിലവാരമുയർത്താനും ശ്രമിക്കേണ്ടതാണ്. ഞാനാഹ്വാനം ചെയ്തിട്ടുള്ള ദുആകളിലേക്കും സ്വലാത്തിലേക്കും ശ്രദ്ധയുണ്ടായിരിക്കണം. ഈ ദിവസങ്ങളിൽ അതെപ്പോഴും ചൊല്ലിക്കൊണ്ടിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു എല്ലാത്തരം സാത്താനിക ആക്രമണങ്ങളിൽനിന്നും എല്ലാവരെയും രക്ഷിക്കുമാറാകട്ടെ.**

**ഹബീബുർറഹ്മാൻ സേർവി സാഹിബ്, ഡോക്ടർ സയ്യിദ് രിയാളുൽ ഹസൻ സാഹിബ്, പ്രൊഫസർ അബ്ദുൽ ജലീൽ സ്വാദിഖ് സാഹിബ് റബ്‌വ, ജംഗിലെ മാസ്റ്റർ മുനീർ അഹ്മദ് സാഹിബ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.**

**ഖുത്ബ ജുമുഅ 2024 സെപ്റ്റംബർ 20, 1403 തബൂക് 20**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

അഹ്സാബ് യുദ്ധത്തിൽ നബിﷺതിരുമേനിയുടെ ചരിത്രസംബന്ധമായുള്ള പരാമർശങ്ങളാണ് നടന്നുവരുന്നത്. കഴിഞ്ഞ ഖുത്ബയിൽ ഭക്ഷണത്തിൽ അനുഗ്രഹമുണ്ടായ അത്ഭുത ദൃഷ്ടാന്തത്തെ കുറിച്ച് ഞാൻ വിവരിച്ചിരുന്നു. അതുപോലെ ഈത്തപ്പഴങ്ങളിലുണ്ടായ അനുഗ്രഹത്തെക്കുറിച്ചും സംഭവങ്ങൾ കാണുന്നുണ്ട്. എഴുതിയിരിക്കുന്നു: കുറച്ച് ഈത്തപ്പഴങ്ങൾ കിടങ്ങു കുഴിക്കുന്നവർക്ക് എല്ലാവർക്കും കഴിക്കാൻ പര്യാപ്തമായി. അതിന്റെ വിശദീകരണം ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: ഖന്ദഖ് യുദ്ധത്തെ സംബന്ധിച്ചുള്ള ഒരു നിവേദനമുണ്ട്. ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ മകൾ വിവരിക്കുന്നു: 'എന്റെ മാതാവ് അംറ ബിൻത് റവാഹ എന്റെ വസ്ത്രത്തിൽ കുറച്ച് ഈത്തപ്പഴങ്ങൾ ഇട്ടുതന്നുകൊണ്ടു പറഞ്ഞു: മകളേ, ഇത് നിന്റെ പിതാവിനും മാതൃസഹോദരനും കൊടുത്തുവരിക. ഇത് നിങ്ങൾക്ക് പ്രാതലിനുള്ള ഭക്ഷണമാണെന്നും അവരോടു പറയണം. അവർ പറയുന്നു: ഞാൻ ആ ഈത്തപ്പഴങ്ങളുമായിപ്പോയി. എന്റെ പിതാവിനേയും മാതൃസഹോദരനേയും അന്വേഷിച്ചുകൊണ്ട് നബിﷺതിരുമേനിയുടെ അടുക്കലൂടെ കടന്നു പോകുമ്പോൾ അവിടന്ന് പറഞ്ഞു: മകളേ! നിന്റെ കൈയിലെന്താണുള്ളത്? ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! ഇത് എന്റെ മാതാവ് എന്റെ പിതാവ് ബശീർ ബിൻ സഅ്ദിനും മാതൃസഹോദരൻ അബ്ദുല്ലാഹ് ബിൻ റവാഹക്കും കൊടുക്കാൻവേണ്ടി തന്നയച്ച ഈത്തപ്പഴങ്ങളാണ്. നബിﷺതിരുമേനി പറഞ്ഞു: 'അതെനിക്ക് തരൂ.' ഞാൻ ആ ഈത്തപ്പഴങ്ങൾ നബിﷺതിരുമേനിയുടെ ഇരു കൈകളിലേക്കും വെച്ചുകൊടുത്തു. നബിﷺതിരുമേനി അത് തുണിയിൽവച്ചതിനുശേഷം മറ്റൊരു തുണി കൊണ്ട് അത് മൂടുകയും ചെയ്തു. തുടർന്ന് ഒരാളോട് പറഞ്ഞു: ആളുകളെ ഭക്ഷണത്തിനുവേണ്ടി വിളിക്കുക. അങ്ങനെ കിടങ്ങു കുഴിക്കുന്ന എല്ലാവരെയും ഒരുമിച്ചുകൂട്ടി. അവർ ആ ഈത്തപ്പഴങ്ങൾ തിന്നാൻ തുടങ്ങി. ഈത്തപ്പഴങ്ങൾ വർധിച്ചുകൊണ്ടുമിരുന്നു. അങ്ങനെ എല്ലാവരും ഭക്ഷിച്ചു കഴിഞ്ഞപ്പോൾ ഈത്തപ്പഴങ്ങൾ ആ തുണിയുടെ അരികിലൂടെ താഴെ വീണുകൊണ്ടിരുന്നു.' *(സീറത്ത് ഇബ്നു ഹിശാം പേജ് 623-624, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഭക്ഷണത്തിൽ അനുഗ്രഹമുണ്ടായ വേറെയും സംഭവങ്ങളുണ്ട്. ഹദ്റത്ത് ഉബയ്ദുല്ലാഹ് ബിൻ അബീ ബുർദ നിവേദനം. നബിﷺതിരുമേനിയുടെ സന്നിധിയിൽ ഉമ്മു ആമിർ അശ്ഹലിയ ഒരു പാത്രത്തിൽ ഹയ്സ് കൊടുത്തയക്കുകയുണ്ടായി. ഹയ്സ് ഈത്തപ്പഴവും നെയ്യും പനീറും ചേർത്തുണ്ടാക്കുന്ന ഒരു വിഭവമാണ്. നബിﷺതിരുമേനി തന്റെ കൂടാരത്തിൽ ഹദ്റത്ത് ഉമ്മു സൽമയുടെ അടുത്തായിരുന്നു ഉണ്ടായിരുന്നത്. ഹദ്റത്ത് ഉമ്മുസൽമ അതിൽനിന്ന് തന്റെ ആവശ്യത്തിന് കഴിച്ചു. പിന്നീട് നബിﷺതി

രുമേനി ആ പാത്രവുമായി പുറത്തു വരികയും നബിﷺതിരുമേനിയുടെ വിളിയാൾ വിളിച്ചതനുസരിച്ച് ഖന്തഖുകാരെല്ലാം അത് മതിയാവോളം ഭക്ഷിക്കുകയും ചെയ്തു. എന്നിട്ടും ആ ഭക്ഷണം നേരത്തെ ഉണ്ടായിരുന്നതുപോലെതന്നെ ഒട്ടും കുറയാതെ ബാക്കിയുണ്ടായിരുന്നു.'(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 370 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ലുഗാത്തുൽ ഹദീഥ്, വാള്യം 1, പേജ് 542)

ഹദ്റത്ത് മസീഹ് മൗഊദ്ﷺസാലിക്കിന്റെ അതായത് ദൈവമാർഗത്തിൽ പ്രയാണം ചെയ്യുന്നവന്റെ സ്ഥാനത്തെ കുറിച്ച് പരാമർശിച്ചുകൊണ്ടു പറയുന്നു: 'അയാൾ അല്ലാഹുവിന്റെ ഒരുപാടു സാമീപ്യം കരസ്ഥമാക്കുന്നു. അതായത് ലോഹം അഗ്നിയുടെ വർണ്ണം തനിക്കുള്ളിൽ ആവാഹിക്കുന്നതുപോലെ. പ്രത്യക്ഷത്തിൽ തീയല്ലാതെ മറ്റൊന്നും കാണപ്പെടുന്നില്ല. ഇതിനെ 'ലിഖാ' അഥവാ കണ്ടുമുട്ടലിന്റെ സ്ഥാനമെന്നാണ് പറയുന്നത്. ഇത് വിവരിച്ചുകൊണ്ടു ആ മഹാത്മാവ് പറയുന്നു: 'ഇവിടെ സാമീപ്യത്തിന്റെ പദവി വിവരിച്ചു കൊണ്ട് സാലിക്കിനെ സംബന്ധിച്ചാണ് പറയുന്നത്. പിന്നീട് അവർക്ക് 'ലിഖാ' ലഭ്യമാകുന്നു.' ആ മഹാത്മാവ് പറയുന്നു:: 'ഈ ലിഖായുടെ അവസ്ഥയിൽ ചില സന്ദർഭങ്ങളിൽ മനുഷ്യനിൽനിന്നുണ്ടാകുന്ന കാര്യങ്ങൾ മാനുഷിക പരിധിക്കതീതമാണെന്ന് മനസ്സിലാകുന്നു. അതിൽ ദൈവിക ശക്തിയുടെ വർണ്ണം സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി നമ്മുടെ നേതാവും യജമാനരുമായ സയ്യിദുർറുസുൽ ഹദ്റത്ത് ഖാത്തമുൽഅമ്പിയാﷺ ബദ്ർ യുദ്ധത്തിൽ ഒരുപിടി മണലുവാരി അവിശ്വാസികൾക്കു നേരെ എറിഞ്ഞു. ആ ഒരുപിടി മണൽവാരിയെറിഞ്ഞത് എന്തെങ്കിലും ദുആ ചെയ്തിട്ടായിരുന്നില്ല. പ്രത്യുത തന്റെ ആത്മീയശക്തി കൊണ്ടാണെറിഞ്ഞത്. പക്ഷേ, ആ ഒരു പിടി മണലിൽ ദൈവികശക്തിയാണ് കാണപ്പെട്ടത്. ശത്രുസൈന്യത്തിനുമേൽ അത് അനിതര സാധാരണമായ പ്രഭാവം ചെലുത്തി. അവരിൽ ഒരാളുടെയും കണ്ണിൽ അത് പതിക്കാതിരുന്നില്ല. എല്ലാവരും കുരുടന്മാരെപോലെ ആയിത്തീർന്നു. എല്ലാവരും പരിഭ്രാന്തരും അസ്വസ്ഥരുമായി. അങ്ങനെ സ്വബോധമില്ലാത്തവരെപോലെ അവിടെനിന്ന് ഓടിപ്പോകാൻ തുടങ്ങി. ഇത്തരത്തിലുള്ള വേറെയും ഒരുപാട് അത്ഭുതങ്ങളുണ്ട്. അതെല്ലാം നബിﷺതിരുമേനി തന്റെ സ്വന്തം കഴിവുകൊണ്ട് കാണിച്ചതാണ്. അവയോടൊപ്പം ഒരു അദൃശ്യമായ ദൈവിക ശക്തിയുണ്ടായിരുന്നു.' *(ആഇനയെ കമാലാത്തെ ഇസ്‌ലാം റൂഹാനീ ഖസാഇൻ വാള്യം 5, പേജ് 65-66)*

കിടങ്ങ് കുഴിക്കുന്ന സന്ദർഭത്തിൽ മുനാഫിഖീങ്ങളുടെയും മുഅ്മിനീങ്ങളുടെയും അവസ്ഥകളെ സംബന്ധിച്ചും വിവരിക്കുന്നുണ്ട്. അതിന്റെ വിശദീകരണം ഇപ്രകാരമാണ്; ഇബ്നു ഇസ്ഹാക്ക് എഴുതിയിരിക്കുന്നു: നിരവധി മുനാഫിഖീങ്ങൾ നബിﷺതിരുമേനിയോടും മുസ്‌ലിമീങ്ങളോടുമൊപ്പം ജോലി ചെയ്യുന്നതിൽ അലംഭാവം കാണിച്ചു. കുറച്ച് ജോലികൾ മാത്രം ചെയ്തു, നബിﷺതിരുമേനിയോടു പറയാതെയും അനുവാദം വാങ്ങാതെയും വീട്ടിൽപ്പോയി ഇരുന്നു. മുസ്‌ലിമീങ്ങൾ എന്തെങ്കിലും ആവശ്യം വന്നാൽ അവർ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി പോകാൻ അനുമതി ചോദിച്ചിരുന്നു. ഇതായിരുന്നു മുഅ്മിനീങ്ങളുടെ അവസ്ഥ. മുനാഫിഖീങ്ങൾ ചോദിക്കാതെ പോകുമായിരുന്നു. മുഅ്മിനീങ്ങൾ അനുമതി ചോദിക്കുമ്പോൾ അവർക്കു അനുമതിയും നൽകിയിരുന്നു. അവർ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റി തിരിച്ചുവരികയും ചെയ്തു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 370 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനി യുദ്ധത്തിനു തയ്യാറെടുപ്പു ചെയ്തതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരണങ്ങളും വന്നിട്ടുണ്ട്. അതിലെഴുതുന്നു: 'നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അബൂസുഫിയാന്റെ സൈന്യം വരുന്നതിന് മൂന്നുദിവസം മുമ്പേ കിടങ്ങ് പൂർത്തിയായിട്ടുണ്ടായിരുന്നു. പദ്ധതിയനുസരിച്ച് കിടങ്ങിൽ ജോലി ചെയ്തിരുന്ന കുട്ടികളെയും യുവാക്കളെയും സ്ത്രീകളുടെ സംരക്ഷണത്തിനു വേണ്ടി മാറ്റിയിരുന്ന കോട്ടകളിലേക്ക് പറഞ്ഞയക്കുകയുമുണ്ടായി. അതേസമയം 15 വയസ്സ് പൂർത്തിയായവർക്ക് അവിടെത്തന്നെ തങ്ങുന്നതിനോ അല്ലെങ്കിൽ കോട്ടകളിലേക്കു പോകുന്നതിനോ അനുമതി നൽകിയിരുന്നു. ഇങ്ങനെ അനുമതി ലഭിച്ചവരിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർؓ, ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ത്ؓ, ഹദ്റത്ത് അബൂ സയീദ് ഖുദ്രിؓ,ഹദ്റത്ത് ബറാഅ് ബിൻ ആസിബ്ؓ എന്നിവർ ഉൾപ്പെടുന്നു.'*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 371, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഗസ്‌വയെ അഹ്സാബ്, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 175, പ്രസാധനം നഫീസ് അക്കാഡമി, ഉർദുബാസാർ കറാച്ചി)(വീക്കോപീഡിയ ഖൻദഖ് യുദ്ധം)*

ഇബ്നു ഹിശാമിന്റെ മൊഴിയനുസരിച്ച് നബിﷺതിരുമേനി ഹദ്റത്ത് ഇബ്നു ഉമ്മി മക്തൂമിനെ മദീനയിൽ തന്റെ നാഇബായി നിശ്ചയിച്ചിരുന്നു. നബിﷺതിരുമേനി സൽഅ് മലക്കു മുന്നിൽ താവളമടിച്ചു. സൽഅ് മദീനയുടെ വടക്കുഭാഗത്തുള്ള ഒരു മലയാണ്. അത് ഇന്ന് മസ്ജിദ് നബ്‌വിയിൽനിന്ന് ഏകദേശം 500 മീറ്റർ അകലെയാണെന്ന് പറയപ്പെടുന്നു. മല പിൻഭാഗത്തും കിടങ്ങ് മുന്നിൽ വരികയും ചെയ്യുന്ന രീതിയിലാണ് തമ്പടിച്ചത്. നബിﷺതിരുമേനിയുടെ സൈന്യവും അവിടെയുണ്ടായിരുന്നു. നബിﷺതിരുമേനിക്കുവേണ്ടി തുകൽ കൊണ്ടുള്ള കൂടാരമാണുണ്ടാക്കിയത്. മുഹാജിരീങ്ങളുടെ പതാക സയ്ദ് ബിൻ ഹാരിഥയ്ക്കും അൻസ്വാറിന്റെ പതാക സഅ്ദ് ബിൻ ഉബാദയ്ക്കും നൽകപ്പെട്ടു.(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 371, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(വീക്കോപീഡിയ സൽഅ് മല)

മുസ്‌ലിമീങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് ചരിത്രകാരന്മാർ വ്യത്യസ്ത നിവേദനങ്ങളാണ് വിവരിക്കുന്നത്. ചിലരുടെ വീക്ഷണത്തിൽ ഇത് 900-ത്തിലധികമുണ്ടായിരുന്നില്ല. മറ്റു ചിലരുടെ അഭിപ്രായത്തിൽ 700-ആയിരുന്നു. വേറെ ചിലർ 2000-മെന്നും ഇനിയും ചിലർ 3000-മെന്നും പറയുന്നുണ്ട്.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 371, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്) (ഗസ്‌വയെ അഹ്സാബ്, അല്ലാമ മുഹമ്മദ് അഹ്മദ് ബാശമീൽ പേജ് 176, പ്രസാധനം നഫീസ് അക്കാഡമി, ഉർദുബാസാർ കറാച്ചി)(അസ്സ്വഹീഹ് മിൻ സീറത്തിന്നബിയ്യിﷺ അൽ അഅ്ളം, പേജ് 297,വാള്യം 10)(സീറത്ത് എൻസൈക്ലോപീഡിയ പേജ് 300, പ്രസാധനം ദാറുസ്സലാം രിയാള് 1435 ഹിജ്റ)*

മുസ്‌ലിമീങ്ങളുടെ എണ്ണത്തെ സംബന്ധിച്ച് വിവിധ നിവേദനങ്ങളിൽ പല രീതിയിലാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. ചരിത്രകാരന്മാർക്ക് ഈ എണ്ണത്തിന്റെ വിവരണത്തിൽ ഒരുപാട് പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അവർ ഈ എണ്ണം വിവരിക്കുമ്പോൾ ഒരു നിവേദനത്തിന് മുൻഗണന കൊടുക്കുകയും മറ്റു നിവേദനങ്ങൾ തെറ്റാണെന്ന് പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. പക്ഷേ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓതന്റെ ഉന്നതമായ ഉൾക്കാഴ്ചയുടെ ഫലമായി ഒരു നിവേദനത്തെയും തെറ്റാണെന്ന് പറയുന്നില്ല. പ്രത്യുത ഈ എല്ലാ നിവേദനങ്ങളെയും ബന്ധപ്പെടുത്തി വിവരിക്കുകയാണ് ചെയ്യുന്നത്. ഇതെല്ലാം പരസ്പരം ബന്ധിതമായ നിവേദനങ്ങളാണ്. ആ മഹാത്മാവ് പറയുന്നു: ഈ സന്ദർഭത്തിൽ മുസ്‌ലിം സൈന്യത്തിന്റെ എണ്ണത്തെക്കുറിച്ച് ചരിത്രകാരന്മാർക്കിടയിൽ ശക്തമായ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ചിലർ സൈനിക ബലം 3000-ആണെന്ന് എഴുതുന്നു. മറ്റു ചിലർ 1200,1300 ആണെന്നും വേറെ ചിലർ 700-ആണെന്നും പറയുന്നു. ഈ വലിയ അഭിപ്രായ ഭിന്നതകൾ മനസ്സിലാക്കാൻ പ്രത്യക്ഷത്തിൽ വലിയ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ചരിത്രകാരന്മാർക്ക് അത് ദൂരീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ, എനിക്ക് യാഥാർഥ്യം മനസ്സിലായിരുന്നു. അതായത് ഈ മൂന്നു തരത്തിലുള്ള നിവേദനങ്ങളും ശരിയാണ്.

ഉഹുദ് യുദ്ധത്തിൽ മുനാഫിഖീങ്ങൾ തിരിച്ചു വന്നതിനുശേഷം മുസ്‌ലിം സൈനിക ബലം കേവലം 700-ആയിരുന്നു. അഹ്സാബ് യുദ്ധം ഇതു കേവലം രണ്ടുവർഷത്തിനുശേഷമാണുണ്ടായത്. ഈ കാലഘട്ടത്തിൽ ഒരു വലിയ ഗോത്രവും ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ വന്ന് താമസമാക്കിയിട്ടില്ല. 700 പേർ ഒറ്റയടിക്ക് 3000-മായി മാറുന്നത് സാധ്യമല്ല. ആരും പുറത്തുനിന്ന് വന്നിട്ടില്ലാത്ത സ്ഥിതിക്ക് 700- ആളുകൾ പെട്ടെന്ന് 3000-മായി എന്നു പറയുന്നത് സാധ്യമായ കാര്യമല്ല. മറുഭാഗത്ത് അനുമാനിക്കാവുന്ന ഒരു കാര്യമെന്തെന്നാൽ, രണ്ടു വർഷത്തിനുശേഷവും ഇസ്‌ലാമിനു പുരോഗതി ഉണ്ടായിട്ടുപോലും യുദ്ധം ചെയ്യാൻ കഴിവുള്ള മുസ്‌ലിമീങ്ങളുടെ എണ്ണം ഉഹുദിലുണ്ടായിരുന്ന അത്രമാത്രമേ ഉണ്ടായിരുന്നുള്ളൂ. കുറച്ചെന്തെങ്കിലും വർധിച്ചിട്ടുണ്ടാകാം. ഈ രണ്ട് വിമർശന പഠനങ്ങൾക്കും ശേഷം യുദ്ധത്തിന് കഴിവുണ്ടായിരുന്ന മുസ്‌ലിമീങ്ങൾ അഹസാബ് യുദ്ധസമയത്ത് കൂടിവന്നാൽ 1200 പേരു

ണ്ടാകുമെന്നതാണ് ശരിയെന്ന് മനസ്സിലാകുന്നു.

പിന്നെന്തുകൊണ്ടാണ് ചിലർ 3000-എന്നും മറ്റു ചിലർ 700-എന്നും എഴുതിയിട്ടുള്ളത് എന്നതാണ് ഇനി ഉദിക്കുന്ന പ്രശ്നം. ഇതിന്റെ മറുപടി ഇപ്രകാരമാകുന്നു. ഈ രണ്ടു നിവേദനങ്ങളും വ്യത്യസ്ത അവസ്ഥകളിലും വീക്ഷണങ്ങളിലും വിവരിക്കപ്പെട്ടിട്ടുള്ളതാണ്. അഹ്സാബ് യുദ്ധത്തിന് 3 ഭാഗങ്ങളുണ്ട്. ഒന്ന് ശത്രു മദീനയുടെ മുന്നിലെത്താത്ത സമയം, അപ്പോൾ കിടങ്ങ് കുഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഈ ഘട്ടത്തിൽ മണ്ണുവാരുന്ന ജോലി കുട്ടികൾക്കുപോലും ചെയ്യാൻ കഴിയുമായിരുന്നു. ചില സ്ത്രീകളും ഈ ജോലിയിൽ സഹായിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട് കിടങ്ങ് കുഴിക്കുന്ന ജോലി ഉണ്ടായിരുന്നപ്പോൾ മുസ്‌ലിം സൈന്യത്തിന്റെ അംഗബലം 3000-ആയിരുന്നു. പക്ഷേ, ഇതിൽ കുട്ടികളും ഉൾപ്പെട്ടിരുന്നു. സ്ത്രീ സ്വഹാബിമാരുടെ ആവേശം കാണുമ്പോൾ ഈ അംഗബലത്തിൽ സ്ത്രീകളുമുൾപ്പെട്ടിട്ടുണ്ടെന്ന് നമുക്ക് പറയാൻ കഴിയും. അവർ കിടങ്ങു കുഴിക്കുന്ന ജോലി ചെയ്തിട്ടില്ലെങ്കിൽപ്പോലും അനുബന്ധ ജോലികളിലുണ്ടായിരുന്നു. ഇത് എന്റെ വീക്ഷണം മാത്രമല്ല അദ്ദേഹം പറയുന്നു: ഇത് എന്റെ വീക്ഷണം മാത്രമല്ല പ്രത്യുത ചരിത്രത്തിൽനിന്ന് എന്റെ ഈ വീക്ഷണം സാക്ഷാത്കരിക്കപ്പെടുന്നുമുണ്ട്. എഴുതുന്നു. കിടങ്ങ് കുഴിക്കേണ്ടഘട്ടം വന്നപ്പോൾ എല്ലാ കുട്ടികളെയും ഒരുമിച്ചു കൂട്ടിക്കൊണ്ടുപോയി. എല്ലാ പുരുഷന്മാരും അവർ വലിയവരാണെങ്കിലും കുട്ടികളാണെങ്കിലും കിടങ്ങ് കുഴിക്കാനും അതിൽ സഹായിക്കാനുമുള്ള ജോലി ചെയ്തിരുന്നു. പിന്നെ ശത്രുക്കൾ വന്ന സമയമാണ്. യുദ്ധം ആരംഭിക്കുകയും നബിﷺതിരുമേനി 15 വയസ്സിൽ താഴെയുള്ള കുട്ടികളോട് തിരിച്ചുപോകാൻ കൽപ്പിക്കുകയും ചെയ്തു. അതേസമയം 15 വയസ്സ് പൂർത്തിയായവർക്ക് അവിടെ നിൽക്കാനോ തിരിച്ചു പോകാനോ അനുമതി നൽകിയിട്ടുണ്ടായിരുന്നു.

ഈ നിവേദനത്തിൽനിന്ന് ഒരു കാര്യം മനസ്സിലാകുന്നു, കിടങ്ങു കുഴിക്കുന്ന ഘട്ടത്തിൽ മുസ്‌ലിമീങ്ങളുടെ എണ്ണം കൂടുതലുണ്ടായിരുന്നു. യുദ്ധസമയത്ത് കുറയുകയും ചെയ്തു. കാരണം പ്രായപൂർത്തിയാകാത്ത കുട്ടികളോടു തിരിച്ചു പോകാൻ നബിﷺതിരുമേനി കൽപ്പിച്ചു. അതുകൊണ്ട് 3000-എന്ന് കാണപ്പെടുന്ന നിവേദനങ്ങൾ കിടങ്ങ് കുഴിക്കുന്ന ഘട്ടത്തിലുള്ള എണ്ണമാണെന്ന് പറയേണ്ടിവരും. അതിൽ ചെറിയ കുട്ടികളും ഉൾപ്പെടുന്നുണ്ടായിരുന്നു. ഞാൻ മറ്റു യുദ്ധങ്ങളുടെ കാര്യം അനുമാനിച്ചുകൊണ്ടു പറഞ്ഞതുപോലെ ചില സ്ത്രീകളും ഇതിലുണ്ടായിരുന്നു. കാരണം മറ്റു യുദ്ധങ്ങളിൽ സ്ത്രീകൾ പങ്കെടുത്തിട്ടില്ലെന്ന് നിവേദനങ്ങളിൽ കാണാൻ കഴിയുന്നുണ്ട്. എന്നാൽ, 1200 എന്ന എണ്ണം യുദ്ധം ആരംഭിച്ച ഘട്ടത്തിലുള്ളതാണ്. അപ്പോൾ പ്രായപൂർത്തിയായ പുരുഷന്മാർ മാത്രമാണ് ഉണ്ടായിരുന്നത്.

ഇനി 700-സൈനികരെപ്പറ്റി പറയുന്ന നിവേദനം ശരിയാണോ എന്ന പ്രശ്നമാണ് ഉദിക്കുന്നത്. 3000 മുതൽ 1200 വരെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇനി 700-എന്ന് പറയുന്ന നിവേദനവും ശരിയാണോ എന്നുള്ളതാണ് നോക്കേണ്ടത്. അതിനുള്ള മറുപടി ഇപ്രകാരമാകുന്നു; ഈ നിവേദനം ചരിത്രകാരനായ ഇബ്നു ഇസ്ഹാക്കാണ് വിവരിച്ചിട്ടുള്ളത്. അദ്ദേഹം വിശ്വാസയോഗ്യനായ ചരിത്രകാരനാകുന്നു. ഇബ്നു ഹസമിനെപ്പോലുള്ള പ്രഗൽഭരായ പണ്ഡിതന്മാർ അതിനെ ശക്തമായി അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഈ നിവേദനത്തെപറ്റിയും സംശയിക്കാൻ സാധ്യമല്ല. അതും ശരിയാണ്. അതിനെ സാധൂകരിക്കണമെങ്കിൽ ചരിത്രത്തെ കൂടുതൽ വിശകലനം ചെയ്യേണ്ടത് അനിവാര്യമാണ്. യുദ്ധത്തിന്നിടയിൽ ഖുറയ്ള ഗോത്രം സത്യനിഷേധികളുടെ സൈന്യവുമായി ചേർന്നിരുന്നു.. അവർ മദീനയെ ഓർക്കാപ്പുറത്ത് ആക്രമിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. അവരുടെ ഗൂഢോദ്ദേശ്യം വെളിപ്പെട്ടപ്പോൾ നബിﷺതരുമേനി ഖുറയ്ളഗോത്രമുണ്ടായിരുന്ന ദിക്കിലും മദീനയുടെ സംരക്ഷണം അനിവാര്യമാണെന്ന് മനസ്സിലാക്കി. തുടക്കത്തിൽ ഖുറയ്ളഗോത്രം തങ്ങളുടെ സഖ്യകക്ഷിയായതിനാൽ അവർ ശത്രുക്കളെ ആ ഭാഗത്തൂടെ വരാൻ അനുവദിക്കുകയില്ലെന്ന് കരുതി പ്രസ്തുത ഭാഗത്തിന്റെ സംരക്ഷണം ഒഴിവാക്കിയിരുന്നു. ചരിത്രത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നതെന്തെന്നാൽ, നേരത്തെ ഖുറയ്ളഗോത്രത്തെ വിശ്വസിച്ചുകൊണ്ട് അവരുടെകോട്ടകളിൽ സ്ത്രീകളെ ആക്കിയിട്ടുണ്ടായിരുന്നു. എന്നാൽ, ഖുറയ്ളഗോത്രത്തിന്റെ വഞ്ചനയും പിന്മാറ്റവും ചതിയും മനസ്സിലായപ്പോൾ ഇനി സ്ത്രീകളുടെ സംരക്ഷണം അനിവാര്യമാണെന്ന് നബിﷺതിരുമേനി മനസ്സിലാക്കി. അങ്ങനെ രണ്ട് സൈന്യങ്ങളെ തയ്യാറാക്കി സ്ത്രീകളെ പാർപ്പിച്ചിട്ടുണ്ടായിരുന്ന രണ്ടു ഭാഗത്തും നിയോഗിച്ചു. മസ്‌ലമ ബിൻ അസ്‌ലമിന് 200 സ്വഹാബാക്കളെ കൊടുത്ത്, ഒരു സ്ഥലത്ത് നിയോഗിച്ചു. സയ്ദ് ബിൻ ഹാരിഥക്ക് 300 സ്വഹാബാക്കളെ നൽകി മറ്റൊരു ഭാഗത്തും നിയോഗിച്ചു. സ്ത്രീകൾ സുരക്ഷിതരാണെന്ന് ഉറപ്പുവരുത്തുന്നതിനു വേണ്ടി ഇടയ്ക്കിടെ ഉച്ചത്തിൽ തക്ബീർ ചൊല്ലാനും അവരോടു കൽപ്പിച്ചിരുന്നു. ഈ നിവേദനം മുഖേന 700-പേർ യുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്ന് ഇബ്നു ഇസ്ഹാഖ് എന്തുകൊണ്ടാണെഴുതിയതെന്ന പ്രശ്നവും പരിഹരിക്കപ്പെടുന്നുണ്ട്. കാരണം 1200-സൈനികരിൽ 500-സൈനികരെ സ്ത്രീകളുടെ സംരക്ഷണത്തിനു വേണ്ടി അയച്ചിരുന്നു. അങ്ങനെ 1200- പേരുടെ സൈനിക ബലം 700-മാത്രമായി. ഈ നിലയ്ക്ക് ഖൻദഖ് യുദ്ധത്തിലെ സൈനികബലം സംബന്ധിച്ച് ചരിത്രങ്ങളിലുണ്ടായിരുന്ന തീവ്രമായ അഭിപ്രായ ഭിന്നതയും പരിഹരിക്കപ്പെടുന്നു.*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം , വാള്യം 20, പേജ് 269-271)*

ബഹുദൈവവിശ്വാസികൾ മദീനയിലെത്തിയതും അതിന് ശേഷമുള്ള അവസ്ഥകളും സംബന്ധിച്ച വിശദീകരണങ്ങളും വിവരിക്കപ്പെട്ടിട്ടുണ്ട്. അബൂസുഫിയാന്റെ നേതൃത്വത്തിൽ മക്കയിലെ ഖുറയ്ശികളും മറ്റു ഗോത്രങ്ങളുടെ സൈന്യവും മദീനയുടെ അടുത്തെത്തി താവളമടിച്ചു. അതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്رضവിവരിക്കുന്നു: ഏകദേശം 20 ദിവസംകൊണ്ട് ഒരു നിവേദനം അനുസരിച്ച് 6 രാപ്പകലുകളുടെ നിദാന്തമായ അത്യധ്വാനം കൊണ്ട് ഈ ദൈർഘ്യമുള്ള കിടങ്ങിന്റെ പണി പൂർത്തിയായി. ഈ അസാധാരണമായ അധ്വാനവും പ്രയത്നവും സ്വഹാബാക്കളെ തികച്ചും ക്ഷീണിതരാക്കിയിരുന്നു. എന്നാൽ, ഇവിടെ ഈ ജോലി പൂർത്തിയായപ്പോൾ മറുഭാഗത്ത് യഹൂദികളും അറേബ്യയിലെ മുശിരിക്കീങ്ങളും അടങ്ങുന്ന സൈന്യം തങ്ങളുടെ എണ്ണത്തിലും ബലത്തിലും മദോന്മത്തരായി മദീനയുടെ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു. ഏറ്റവുമാദ്യം അബൂസുഫിയാൻ ഉഹുദ് മലയിൽ നോക്കി. അങ്ങനെ ആ സ്ഥലം ഒഴിഞ്ഞതും ശ്മശാന മൂകവുമാണെന്ന് കണ്ടപ്പോൾ അയാൾ അങ്ങോട്ട് കുതിച്ചു. അത് മദീനയെ ആക്രമിക്കാൻ അനുയോജ്യമാണെന്ന് അയാൾ കരുതി. പക്ഷേ, അതിനുമുന്നിൽ ഒരു കിടങ്ങ് കുഴിക്കപ്പെട്ടിരുന്നു. കാഫിരീങ്ങളുടെ സൈന്യം ഈ സ്ഥലത്തെത്തിയപ്പോൾ തങ്ങളുടെ വഴിയിൽ കിടങ്ങ് കണ്ടു. അതിലവരെല്ലാവരും അത്ഭുതപ്പെടുകയും അസ്വസ്ഥരാകുകയും ചെയ്തു. അങ്ങനെ കിടങ്ങിന് അപ്പുറത്ത് തമ്പടിക്കാൻ അവർ നിർബന്ധിതരായി. മറുഭാഗത്ത് സത്യനിഷേധികളുടെ സൈന്യം സമീപത്താണെന്ന വാർത്തയറിഞ്ഞപ്പോൾ നബി


• ഹദീഥുന്നബവ്വി(സ) •

"ദന്തധാവിനി (മിസ്‌വാക്ക്, ബ്രഷ്) വായ ശുദ്ധീകരിക്കുന്നു. അത് രക്ഷിതാവിന്റെ പ്രീതി സമ്പാദിക്കുന്നതിനുള്ള മാർഗവുമാകുന്നു." (ബുഖാരി. 30:27)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,



• ഹദീഥുന്നബവ്വി(സ) •

"ബാങ്കുവിളിക്കുമ്പോൾ രണ്ടു ചൂണ്ടാണി വിരലുകളും ചെവിയിലിടുക. ഇത് ശബ്ദമുയർത്തുന്നതിന് സഹായിക്കും." (മിശ്ക്കാത്ത് 4:4)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ﷺതിരുമേനി 3000- മുസ്‌ലിമീങ്ങളെയും കൂട്ടി പട്ടണത്തിന് പുറത്തുവന്നു. കിടങ്ങിന് അടുത്തെത്തുകയും ചെയ്തു. പട്ടണത്തിനും കിടങ്ങിനുമിടയിൽ സൽഅ് മലയ്ക്കു സമീപം താവളമടിച്ചു. കിടങ്ങ് വളരെ വിശാലതയുള്ളതായിരുന്നു. തീർച്ചയായും ശക്തരും സമർഥരുമായ സവാരിക്കാർക്കുപോലും മറികടന്ന് പട്ടണത്തിലെത്താൻ കഴിയാത്ത വിധമായിരുന്നു അതുണ്ടായിരുന്നത്. കിടങ്ങില്ലാത്ത മദീനയുടെ ഭാഗങ്ങളിൽ വീടുകളും തോട്ടങ്ങളും ക്രമരഹിതമായ കുന്നുകളും തടസ്സമായിട്ടുമുണ്ടായിരുന്നു. അവയുടെ സംരക്ഷണവും അനിവാര്യമായിരുന്നു. കാരണം ശത്രു അതിലൂടെ വീടുകൾക്ക് കേടുപാടുകൾ വരുത്തി മറ്റേതെങ്കിലും യുക്തി ഉപയോഗിച്ച് ആളുകളുടെ ചെറിയ ചെറിയ ലൈനുണ്ടാക്കി പട്ടണത്തെ ആക്രമിക്കാവുന്നതാണ്. അതുകൊണ്ട് നബിﷺതിരുമേനി സ്വഹാബാക്കളുടെ വ്യത്യസ്ത സംഘങ്ങളെ തരംതിരിച്ച് കിടങ്ങിന്റെ പല ഭാഗങ്ങളിലും മദീനയുടെ മറ്റുദിക്കുകളിലും ഉചിതമായ സ്ഥലങ്ങളിൽ കാവലിനുള്ള സംവിധാനങ്ങൾ സ്ഥാപിച്ചു. മാത്രമല്ല രാത്രിയാണെങ്കിലും പകലാണെങ്കിലും ഈ കാവലിൽ അലംഭാവം കാണിക്കരുതെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മറുഭാഗത്ത് സത്യനിഷേധികൾ കിടങ്ങു തടസ്സമായതുകാരണം തുറന്ന മൈതാനത്ത് യുദ്ധമോ പട്ടണത്തെ ആക്രമിക്കാനുള്ള നീക്കമോ സാധ്യമല്ലെന്ന് കണ്ടപ്പോൾ മദീനയെ ഉപരോധിക്കാൻ തീരുമാനിച്ചു. കിടങ്ങിന്റെ ദുർബല ഭാഗങ്ങൾ പ്രയോജനപ്പെടുത്താൻ തക്കംപാർത്തിരിക്കാനും തുടങ്ങി.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضഎം.എ. പേജ് 583-584)

ഏതായാലും ശത്രുക്കൾ കിടങ്ങ് മറികടക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ, പിന്നെ മറ്റു രീതിയിലുള്ള നീക്കങ്ങൾ നടത്താൻ തുടങ്ങി. അതിന്റെ വിശദീകരണം ചരിത്രത്തിൽ ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു: മുശ്‌രിക്കീങ്ങൾ മദീനയെ നാലുഭാഗത്തുനിന്നും വളഞ്ഞു. പക്ഷേ, എത്ര ശ്രമിച്ചിട്ടും അവർക്ക് കിടങ്ങിന്റെ ഒരു ഭാഗത്തുനിന്നും അതിനെ മറികടക്കാൻ കഴിഞ്ഞില്ല. മാത്രമല്ല മുസ്‌ലിമീങ്ങൾക്കുമേൽ തുറന്ന ആക്രമണം നടത്താനും സാധ്യമായില്ല. ഈ നിസ്സഹായാവസ്ഥ കണ്ടപ്പോൾ അബൂ സൂഫിയാനും ബനൂനളീറിന്റെ നേതാവ് ഹുയയ്യ് ബിൻ അഖ്ത്വബും മറ്റും വേറൊരു ഗൂഢപദ്ധതി ആസൂത്രണം ചെയ്തു. അതായത് മദീനയ്ക്കുള്ളിലുണ്ടായിരുന്ന യഹൂദി ഗോത്രമായ ബനൂ ഖുറയ്ളയെ ഏതെങ്കിലും വിധത്തിൽ മുസ്‌ലിമീങ്ങളുമായുണ്ടാക്കിയ കരാർ ലംഘിക്കണമെന്നും അങ്ങനെ അവരെ തങ്ങളുടെ കൂടെക്കൂട്ടി അവരെക്കൊണ്ട് അകത്തുനിന്ന് മദീനക്കാർക്കുനേരെ ആക്രമണം നടത്തിക്കാമെന്നും ആഗ്രഹിച്ചു. ഈ ഭയാനകമായ ഗൂഢാസൂത്രണം പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഹുയയ്യ് ബിൻ അഖ്ത്വബ് ബനൂഖുറയ്ളയുടെ നേതാവ് കഅ്ബ് ബിൻ അസദ് ഖുർസീയുടെ അടുക്കലെത്തി. അയാൾ വരുന്നതറിഞ്ഞപ്പോൾ കഅ്ബ് കോട്ടയുടെ വാതിലടച്ചു. ഹുയയ്യ് അകത്തുവരാൻ അനുമതി ചോദിച്ചപ്പോൾ കഅ്ബ് വാതിൽ തുറക്കാൻ വിസമ്മതിച്ചു. ഹുയയ്യ് വിളിച്ചുപറഞ്ഞു: കഅ്ബേ! നിനക്കുനാശം! വാതിൽ തുറക്കൂ. കഅ്ബ് പറഞ്ഞു: 'നീ വളരെ മോശപ്പെട്ടവനാണ്. ഞാൻ മുഹമ്മദുﷺമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നു. എനിക്ക് ഈ വാഗ്ദാനം ലംഘിക്കാൻ സാധ്യമല്ല. ഞാൻ മുഹമ്മദ്ﷺനെ എപ്പോഴും സത്യസന്ധനും വാഗ്ദാനം പാലിക്കുന്നവനുമായാണ് കണ്ടിട്ടുള്ളത്. ഇയാളൊരു ഭാഗത്ത് ഈ പ്രസ്താവന നടത്തിയെങ്കിലും പിന്നീട് അതു മാറ്റി. അപ്പോൾ ഹുയയ്യ് പറഞ്ഞു: 'നീ വാതിൽ തുറക്കൂ, എനിക്ക് നിന്നോട് ചില കാര്യങ്ങൾ പറയാനുണ്ട്.' കഅ്ബ് പറഞ്ഞു: അല്ലാഹുവാണെ സത്യം! ഞാൻ അങ്ങനെ ചെയ്യുന്നതല്ല.' അങ്ങനെ കുറച്ചു നേരത്തെ നിർബന്ധത്തിനുശേഷം അവസാനം കഅ്ബ് കവാടം തുറന്നു കൊടുത്തു. അപ്പോൾ ഹുയയ്യ് പറഞ്ഞു:'കഅ്ബേ! നിനക്കു നാശം, ഞാൻ നിന്റെയടുക്കൽ കാലത്തിന്റെ അന്തസ്സും അലയടിക്കുന്ന സമുദ്രവുമായിട്ടാണ് വന്നിട്ടുള്ളത്. ഞാൻ നിന്റെ അടുക്കൽ ഖുറയ്ശികളുടെ നേതാക്കന്മാരെയും മൂപ്പന്മാരെയും കൊണ്ടുവന്നിരിക്കുന്നു. തങ്ങളുടെ സൈന്യങ്ങളുമായി മദീനയുടെ നാലുഭാഗത്തുനിന്നും മുസ്‌ലിമീങ്ങളെ വളഞ്ഞിട്ടുള്ള ഗോത്രങ്ങളുടെ വിശദീകരണങ്ങൾ അയാൾ നൽകി. അതോടൊപ്പം പറഞ്ഞു: ഞങ്ങൾ പരസ്പരം ഉറച്ച കരാർ ചെയ്തിരിക്കുന്നു; 'ഇനി ഇവിടെനിന്ന് മുഹമ്മദ്ﷺനെയും കൂട്ടാളികളെയും പൂർണമായും നശിപ്പിക്കാതെ തിരിച്ചു പോകുന്നതല്ല. ഞങ്ങളുടെ വഴിയിൽ കിടങ്ങ് തടസ്സമായിരുന്നില്ലെങ്കിൽ ഞങ്ങൾ അതിൽ വിജയിക്കുകയും ചെയ്യുമായിരുന്നു.' എന്നാൽ, എല്ലാ കാര്യങ്ങളും കേട്ടെങ്കിലും ബനു ഖുറയ്ളയുടെ നേതാവ് വാഗ്ദാനം ലംഘിക്കാൻ തയ്യാറായില്ല. അയാൾ പറഞ്ഞു: ദൈവമാണെ സത്യം! നീ എന്റെയടുക്കൽ കാലഘട്ടത്തിന്റെ ദൈന്യതയും ജലാംശം തൊട്ടുതീണ്ടിയിട്ടില്ലാത്ത മേഘങ്ങളുമായാണ് വന്നിട്ടുള്ളത്. അവ ഗർജിക്കുകയും മിന്നുകയും ചെയ്യുന്നു. പക്ഷേ, അതിൽ ഒന്നുതന്നെയില്ല.

ഹുയയ്യേ! എന്നെ എന്റെ അവസ്ഥയിൽ നീ വിട്ടയക്കുകയാണ് നല്ലത്. കാരണം ഞാൻ മുഹമ്മദ് ﷺനെ എപ്പോഴും സത്യസന്ധനും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമായാണ് കണ്ടിട്ടുള്ളത്. അയാൾ കൂടെക്കൂടെ നബിﷺതിരുമേനിയെ സത്യസന്ധനും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമാണെന്ന് പറഞ്ഞുകൊണ്ടിരുന്നു. മാത്രമല്ല അദ്ദേഹം ഞങ്ങളോടു പരുഷമായി പെരുമാറുകയോ ഞങ്ങളുടെ മതകാര്യങ്ങളിൽ ഇടപെടുകയോ ചെയ്യുന്നില്ല. അദ്ദേഹം ഞങ്ങളുടെ നല്ല അയൽക്കാരനാകുന്നു. അതുകൊണ്ട് നീ തിരിച്ചു പോകുകയാണ് നല്ലത്. അല്ലെങ്കിൽ നേരത്തെ നിങ്ങൾക്കുണ്ടായ അതേ അവസ്ഥതന്നെയായിരിക്കും ഞങ്ങൾക്കുമുണ്ടാകുക.

എന്നാൽ, ഹുയയ്യ് കഅ്ബിനെ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. അവസാനം അയാൾ തന്റെ ഗോത്രത്തിന്റെ ദു:ഖങ്ങളെയും പ്രയാസങ്ങളെയും പറ്റി പറഞ്ഞു. ഈ എല്ലാ ബുദ്ധിമുട്ടുകളും തങ്ങൾക്ക് മുസ്‌ലിമായതുകൊണ്ടാണ് ഏൽക്കേണ്ടിവരുന്നത്. അവസാനമയാൾ കഅ്ബിന്റെ മനസ്സിനെ ആർദ്രമാക്കുന്നതിൽ വിജയിച്ചു. കഅ്ബ് അയാൾ പറഞ്ഞതിൽ വീഴുകയും വാഗ്ദാനങ്ങൾ ലംഘിക്കുന്ന അയാളുടെ പ്രകൃതം അതിജയിക്കുകയും ചെയ്തു. അയാൾ പറഞ്ഞു: 'ശരി, ഞാൻ നിങ്ങൾ പറയുന്നത് അനുസരിക്കാം. പക്ഷേ, ഖുറയ്ശികളും ഗത്ഫാനും തിരിച്ചു പോവുകയും മുഹമ്മദ്ﷺനെ വധിക്കാൻ കഴിയാതിരിക്കുകയും ചെയ്താൽപ്പിന്നെ ഞങ്ങൾക്കെന്താണ് സംഭവിക്കുക? നീ വിഷമിക്കേണ്ട, അങ്ങനെ വന്നാൽ ഞാനും നിന്നോടൊപ്പം നിന്റെ കോട്ടയ്ക്കുള്ളിൽ പ്രവേശിക്കുന്നതായിരിക്കും. എന്തൊരു വിഷമതകളാണോ നിന്നിൽ വരുന്നത് അത് എന്നിലും വരുന്നതായിരിക്കും.

ഈ എല്ലാ വാദപ്രതിവാദത്തിനുംശേഷം അവസാനം കഅ്ബ് ബിൻ അസദ് നബിﷺതിരുമേനിയുമായി ചെയ്തിട്ടുള്ള കരാർ ലംഘിച്ചു. പ്രസ്തുത സന്ദർഭത്തിൽ കഅ്ബിന്റെ കൂട്ടുകാരൻ അംറ് ബിൻ സുഅ്ദാ അയാളെ ഉപദേശിക്കുകയും അയാളുടെ തെറ്റായ നീക്കത്തിൽ അയാളെ ജാഗ്രതപ്പെടുത്തുകയും നബിﷺതിരുമേനിയുമായി ചെയ്തിട്ടുള്ള ഉറച്ച കരാർ ഓർമപ്പെടുത്തുകയും ചെയ്തുകൊണ്ട് അയാളോടു പറഞ്ഞു: 'നിങ്ങൾ മുഹമ്മദ്ﷺനെ സഹായിക്കുന്നില്ലെങ്കിൽ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ശത്രുക്കളെയും അവരുടെ നിലയിൽ വിടുക. പക്ഷേ, വാഗ്ദാനം ലംഘിച്ചുകൊണ്ട് എതിരാളികളുടെ കൂടെ കൂടരുത്.' എന്നാൽ, അയാളത് നിരാകരിച്ചു.

ഈ അവസ്ഥ കണ്ടപ്പോൾ ബനൂഖുറയ്ളയിലെ നല്ല പ്രകൃതക്കാരായിരുന്ന യഹൂ


• ഹദീഥുന്നബ്‌വി •

"ഇമാം ഒരു ജാമ്യക്കാരനും ബാങ്കുകൊടുക്കുന്നയാൾ വിശ്വാസം അർപ്പിക്കപ്പെട്ടയാളുമാകുന്നു. അല്ലാഹുവേ! പ്രാർഥന നയിക്കുന്നവരെ നേർമാർഗത്തിൽ നയിക്കുകയും ബാങ്കു വിളിക്കുന്നവർക്ക് രക്ഷ നല്കുകയും ചെയ്യേണമേ." (അഹ്മദ്: 2:32)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി •

"നിങ്ങൾ ബാങ്കുകൊടുക്കുന്നതു കേൾക്കുമ്പോൾ മുഅദ്ദിൻ (ബാങ്കുകൊടുക്കുന്നയാൾ) പറയുന്നതിനെ നിങ്ങളും ഏറ്റുപറയുക." (ബുഖാരി. 10:7)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ദികളിൽ നിന്നുള്ള ഏതാനും പേർ നബിﷺ തിരുമേനിയുടെ അടുക്കലെത്തി. അവർ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

ബനൂഖുറയ്ള്വ വാഗ്ദാനം ലംഘിച്ചത റിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ ബിൻ ഖത്വാബ്رضഅതേപ്പറ്റി നബിﷺതിരുമേനിക്ക് അറിയിപ്പു നൽകി. അപ്പോൾ നബിﷺതിരുമേനി സഅ്ദ് ബിൻ മുആദിനേയും സഅ്ദ് ബിൻ ഉബാദയേയും അയച്ചു. ഇവരിരുവരും തങ്ങളുടെ ഗോത്രങ്ങളുടെ നേതാക്കന്മാരായിരുന്നു. അവരിരുവരോടുമൊപ്പം അബ്ദുല്ലാഹ് ബിൻ റവാഹയേയും ഖവ്വാത്ത് ബിൻ ജുബയ്റിനെയും അയച്ചു. ഒരു നിവേദനമനുസരിച്ച് ഉസയ്ദ് ബിൻ ഹുളയ്റിനെയും അയച്ചിരുന്നു. നബിﷺ തിരുമേനി അവരോടു പറഞ്ഞു, ഈ ജനതയെ പറ്റി നമുക്ക് കിട്ടിയ വാർത്ത സത്യമാണോ അല്ലയോ എന്ന് നിങ്ങൾ അറിഞ്ഞു വരിക. ഇത് സത്യമാണെങ്കിൽ അത് എല്ലാവർക്കും മുന്നിൽ പറയരുത്. സൂചനാ രൂപത്തിൽ എന്നോടുപറയണം. ഇത് സത്യമാണോ എന്ന് എനിക്കറിയണം. അവർ കരാറിൽ ഉറച്ചു നിൽക്കുന്നുവെങ്കിൽ, ഈ വാർത്ത കളവാണെങ്കിൽപ്പിന്നെ നിങ്ങൾക്ക് പരസ്യമായി എന്നോടു അത് പറയാവുന്നതാണ്. ഏതായാലും ഈ സംഘം ബനൂ ഖുറയ്ള്വയുടെ അടുക്കലെത്തി. അവിടെ കഅ്ബിനോടും കൂട്ടുകാരോടും സംസാരിച്ചപ്പോൾ അവരുടെ നിലപാടു മാറിയിട്ടുണ്ടായിരുന്നു. കഅ്ബിനോട് പറഞ്ഞു: 'നിങ്ങൾ മുഹമ്മദുﷺ മായി കരാർ ചെയ്തിട്ടുണ്ട്.' അപ്പോൾ അയാൾ വളരെ നിന്ദാപൂർവം പറഞ്ഞു: 'ഏതു റസൂൽ? ഞങ്ങളുടെ ഒരു കരാറുമില്ല. ഞാൻ ആ കരാറിനെ ചെരുപ്പിന്റെ വാറു പൊട്ടിക്കുന്നതുപോലെ പൊട്ടിച്ചെറിഞ്ഞിരിക്കുന്നു.' നിവേദനമനുസരിച്ച് പ്രസ്തുത സന്ദർഭത്തിൽ ഇരു കൂട്ടരുടെയും ഭാഗത്തുനിന്ന് വളരെ കഠിനമായ സംസാരങ്ങളുണ്ടായി. ഏതായാലും ഈ സംഘം തിരിച്ചെത്തി. രഹസ്യമായി എല്ലാ കാര്യങ്ങളും നബിﷺതിരുമേനിയോടു പറഞ്ഞു. നാഡികളെ ക്ഷയിപ്പിക്കുകയും ബുദ്ധിയെ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന ആ സന്ദർഭത്തിൽ നബിﷺതിരുമേനി അൽപ നേരത്തെ മൗനത്തിനു ശേഷം പറഞ്ഞു: അതായത് സാധാരണക്കാരുടെ നാഡികളെ ക്ഷയിപ്പിക്കാൻ പോന്ന ഈ സന്ദർഭത്തിൽ നബിﷺതിരുമേനി പറഞ്ഞു:

**അബ്ശിറൂ യാ മഅ്ശറൽ മുഅ്മിനീന ബിനസ്‌രില്ലാഹിത്തആലാ വ ഔനിഹീ**

'അല്ലയോ മുഅ്മിനീങ്ങളുടെ സംഘമേ!അല്ലാഹുവിന്റെ സഹായത്തോടും പിന്തുണയോടും കൂടി സന്തോഷിക്കുവിൻ!' തുടർന്നു പറഞ്ഞു: 'എനിക്ക് ദൃഢവിശ്വാസമുണ്ട്. ഞാൻ കഅ്ബ ത്വവാഫ് ചെയ്യുന്ന ഒരു സമയം വരുന്നതായിരിക്കും. അതിന്റെ താക്കോലുകൾ എന്റെ കൈയിലായിരിക്കും. കിസ്റായും ഖയ്സ്വറും നശിച്ചൊടുങ്ങുന്നതായിരിക്കും. അവരുടെ സമ്പത്ത് ദൈവികവഴിയിൽ ചെലവഴിക്കപ്പെടുന്നതുമായിരിക്കും.'*(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 33-374 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഹദ്റത്ത് മിർസ ബശീർ അഹ്‌മദ് സാഹിബ് എം.എرضബനൂഖുറയ്ള്വയുടെ വഞ്ചനയെ സംബന്ധിച്ചെഴുതുന്നു: 'അബൂസുഫിയാൻ ഒരു നീക്കം നടത്തി. ഖുറയ്ളഗോത്രത്തിന്റെ യഹൂദി മൂപ്പൻ ഹുയയ്യ് ബിൻ അഖ്ത്വബിന് ഒരു നിർദ്ദേശം നൽകി: 'അയാൾ രാത്രിയുടെ അന്ധകാരത്തിൽ ബനുഖുറയ്ള്വയുടെ കോട്ടയുടെ അടുത്തുപോകണം. അവരുടെ നേതാവായ കഅ്ബ് ബിൻ അസദുമായി ചേർന്ന് ബനൂ ഖുറയ്ള്വയെ തങ്ങളോടു ചേർക്കാൻ ശ്രമിക്കണം.' അങ്ങനെ ഹുയയ്യ് ബിൻ അഖ്ത്വബ് സന്ദർഭം നോക്കി കഅ്ബിന്റെ വീട്ടിലെത്തി. അയാൾ തുടക്കത്തിൽ ഈ വർത്തമാനങ്ങൾ കേൾക്കാൻ വിസമ്മതിച്ചു. എന്നിട്ട് പറഞ്ഞു: 'മുഹമ്മദുﷺമായി കരാറുണ്ട്. മുഹമ്മദ്ﷺ എപ്പോഴും കരാറുകളുടെ കാര്യത്തിൽ തന്റെ വാഗ്ദാനം വിശ്വസ്തതയോടെ പൂർത്തിയാക്കിയിട്ടുണ്ട്. അതുകൊണ്ടെനിക്ക് അദ്ദേഹത്തെ വഞ്ചിക്കാൻ സാധ്യമല്ല. എന്നാൽ, ഹുയയ്യ് അയാൾക്ക് ഹരിതാഭമായ തോട്ടം കാണിച്ചുകൊടുക്കുകയായിരുന്നു. ഇസ്‌ലാമിനെ നശിപ്പിക്കാതെ മദീനയിൽനിന്ന് തിരിച്ചു പോകുന്നതല്ലെന്ന തങ്ങളുടെ പ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാം ഉടനെ നശിപ്പിക്കപ്പെടുമെന്ന് അയാൾക്കുറപ്പു കൊടുത്തു. അയാൾ ഇക്കാര്യങ്ങൾ അംഗീകരിക്കാൻ തക്ക വണ്ണം ശക്തമായി അവതരിപ്പിച്ചപ്പോൾ അവസാനം അയാൾക്ക് തൃപ്തിയായി. ഇങ്ങനെ ബനുഖുറയ്ള്വയുടെ ശക്തിയുടെ ഭാരവും ഈ ട്രാസ്റ്റിന്റെ ഭാരത്തിൽവന്നു ചേർന്നു. അത് നേരത്തെതന്നെ താഴ്ന്നിരിക്കുകയായിരുന്നു. അതായത് സത്യനിഷേധികളുടെ എണ്ണം നേരത്തെ തന്നെ വളരെയധികമുണ്ടായിരുന്നു. അതിൽ മറ്റൊരു ഭാരംകൂടി ചേർന്നു. അതായത് യഹൂദികളുടെ വാഗ്ദാന ലംഘനത്തിന്റെ ഭാരംകൂടി ചേർന്നു. ബനൂ ഖുറ്ള്വയുടെ ഈ ഭയാനകമായ വഞ്ചനയെ പറ്റി അറിയിപ്പ് ലഭിച്ചപ്പോൾ നബിﷺതിരുമേനി ആദ്യം രണ്ടു മൂന്നു തവണ സുബയ്ർ ബിൻ അവ്വാമിനെ രഹസ്യമായി കാര്യങ്ങൾ അന്വേഷിക്കാൻ പറഞ്ഞുവിട്ടു. പിന്നെ നേർക്കുനേരെ സഅ്ദ് ബിൻ മുആദിനെയും സഅ്ദ് ബിൻ ഉബാദയെയും മറ്റു ചില സ്വാധീനമുള്ള സ്വഹാബാക്കളെയും ഒരു സംഘമായി ബനൂഖുറ്ള്വയുടെ അടുക്കൽ അയച്ചു. അവരോടു പറഞ്ഞു: എന്തെങ്കിലും അസ്വസ്ഥജനകമായ വാർത്ത കിട്ടുകയാണെങ്കിൽ തിരിച്ചുവന്ന് പരസ്യമായി അത് അവതരിപ്പിക്കരുത്, സൂചനാ രൂപത്തിൽ പറഞ്ഞാൽ മതി. ആളുകൾക്കിടയിൽ അസ്വസ്ഥത ഉണ്ടാക്കരുത്. അങ്ങനെ ഇവർ ബനൂ ഖുറ്ള്വയുടെ വാസസ്ഥലങ്ങളിലെത്തി. അവരുടെ നേതാവായ കഅ്ബ് ബിൻ അസദിന്റെ അടുക്കലും പോയി. പക്ഷേ, ആ ദുർഭഗൻ വളരെ ധിക്കാരത്തോടെയാണ് പെരുമാറിയത്. സഅ്ദുമാർ കരാറിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ആ ഗോത്രത്തിലെ ആളുകൾ പുറന്തിരിഞ്ഞുകൊണ്ടു പറഞ്ഞു:'പോവുക, മുഹമ്മദ്ﷺനും ഞങ്ങൾക്കുമിടയിൽ ഒരു കരാറുമില്ല.' ഈ വാക്കുകൾ കേട്ടപ്പോൾ സ്വഹാബാക്കളുടെ സംഘം അവിടെനിന്നെഴുന്നേറ്റുവന്ന് ഉചിതമായ നിലയിൽ നബിﷺതിരുമേനിക്ക് കാര്യങ്ങളെ സംബന്ധിച്ച് അറിയിപ്പു നൽകി.

ചിലയാളുകളും നമ്മുടെ യുവാക്കളും അന്യരുടെ വാക്കുകൾകേട്ട് ബനൂ ഖുറ്ള്വയ്ക്കുമേൽ ആ സമയത്ത് എന്തുകൊണ്ടാണ് ആക്രമണം നടന്നതെന്ന് ചോദിക്കുന്നു. അവർ വാഗ്ദാന ലംഘനം നടത്തിയത് കൊണ്ട് ശിക്ഷിക്കപ്പെട്ടതായിരുന്നു. നബിﷺ തിരുമേനിയുടെ ഭാഗത്തുനിന്ന് ഒരു അതിക്രമവും ഉണ്ടായിട്ടില്ല. ഏതായാലും ഇതേക്കുറിച്ച് കൂടുതൽ വിവരണങ്ങളുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദുംرض വളരെ വിശദമായി ഇതു വിവരിച്ചിട്ടുണ്ട്. അതു സംബന്ധിച്ച് ഇൻശാ അല്ലാഹ് പിന്നീട് പറയുന്നതാണ്.

ഇന്നുമുതൽ ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ഇജ്തിമാ ആരംഭിക്കുകയാണ്. ഇതിൽനിന്ന് നല്ലപോലെ പ്രയോജനമെടുക്കാൻ ഖുദ്ദാം ശ്രമിക്കേണ്ടതാണ്. കാലാവസ്ഥ പ്രവചനം ഒരുപക്ഷേ, മഴയുണ്ടാകുമെന്നാണ്. ഏതായാലും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, അവരുടെ പരിപാടികൾ നല്ല രീതിയിൽ നടക്കുമാറാകട്ടെ. ഈ ദിവസങ്ങളിൽ ഖുദ്ദാം തങ്ങളുടെ ആത്മീയവും വൈജ്ഞാനികവുമായ നിലവാരമുയർത്താനും ശ്രമിക്കേണ്ടതാണ്. ഞാനാഹ്വാനം ചെയ്തിട്ടുള്ള ദുആകളിലേക്കും സ്വലാത്തിലേക്കും ശ്രദ്ധയുണ്ടായിരിക്കണം. ഈ ദിവസങ്ങളിൽ അതെപ്പോഴും ചൊല്ലിക്കൊണ്ടിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു എല്ലാത്തരം സാത്താനിക ആക്രമണങ്ങളിൽനിന്നും എല്ലാവരെയും രക്ഷിക്കുമാറാകട്ടെ.

**• ഹദീഥുന്നബവ്വി(സ) •**

"എല്ലാ രണ്ടു ബാങ്കിനും മധ്യേ(ബാങ്കും ഇഖാമത്തും) ഇഷ്ടമുള്ളവനു ഒരു നമസ്കാരമുണ്ട്.(സുന്നത്ത്). അവിടന്ന് മൂന്നു പ്രാവശ്യം ഇതു പറഞ്ഞു." (ബുഖാരി. 10:14)

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബവ്വി(സ) •**

"ജമാഅത്തായ നമസ്കാരം ഒറ്റയായി നിർവഹിക്കുന്ന നമസ്കാരത്തെക്കാൾ 27 മടങ്ങ് സ്ഥാന മാഹാത്മ്യമേറിയതാണ്." (ബുഖാരി. 10:30)

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ഇന്ന് ചില ജനാസകളും നമസ്കരിക്കുന്നതാണ്. അതു സംബന്ധമായ അനുസ്മരണങ്ങളുമുണ്ട്. ആദ്യത്തെ അനുസ്മരണം റബ്വയിലെ ഹബീബുർറഹ്മാൻ സേർവി സാഹിബിന്റേതാണ്. അദ്ദേഹം 73-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയും വാഖ്ഫെ സിന്ദഗിയുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സ്വൂഫി ഖുദാ ബഖ്ശ് സേർവി എന്നാണ്. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് സ്വൂഫീ ഖുദാ ബഖ്ശ് സേർവി മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. അദ്ദേഹത്തിന് 1928-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺന്റെ കരങ്ങളിൽ ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചു.

ഹബീബുർറഹ്മാൻ സേർവി സാഹിബ് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കിയതിനുശേഷം പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലൈബ്രറി സയൻസിൽ എം.എസ്സ്.സി പാസായി. 1981-ൽ ഇദ്ദേഹം ജീവിതം വഖ്ഫുചെയ്യുകയും അദ്ദേഹത്തിന്റെ വഖ്ഫു സ്വീകരിക്കപ്പെടുകയും ചെയ്തു. പിന്നീട് ഇദ്ദേഹം അസിസ്റ്റന്റ് ലൈബ്രേറിയനായി 1981-ൽ നിയമിക്കപ്പെട്ടു. തുടർന്ന് മൂന്നുനാലു വർഷം ഖിലാഫത്ത് ലൈബ്രറി ഇൻചാർജായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നെ അദ്ദേഹത്തെ പബ്ലിക്കേഷൻ വകുപ്പിൽ നിയോഗിച്ചു. തുടർന്ന് ത്വാഹിർ ഫൗണ്ടേഷനിലേക്ക് നിയമിക്കപ്പെട്ടു. ആ സമയത്ത് ഇദ്ദേഹം നാഇബ് നാളിർ ദീവാൻ എന്ന നിലക്ക് ജമാഅത്തിന് സേവനം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യയിൽ വിവിധ നിലയ്ക്ക് മുഹ്തമിം എന്ന രീതിയിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. അൻസ്വാറുല്ലായിലും കേന്ദ്ര ഖാഇദ് എന്ന നിലക്ക് സേവനം ചെയ്തിട്ടുണ്ട്.

അദ്ദേഹം വളരെ ശ്രമകരമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﷺവിവരിച്ചിട്ടുള്ള മസീഹു മൗഊദിന്റെﷺ ചരിത്രം വിവിധ ഗ്രന്ഥങ്ങളിൽ നിന്ന് സ്വരുക്കൂട്ടി ഒരു ഗ്രന്ഥമാക്കിയിട്ടുണ്ട്. അത് 'തദ്കറയെ മഹ്ദീ' എന്ന പേരിൽ പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുണ്ട്. അതുകൂടാതെ നിരവധി കൈയെഴുത്ത് പ്രതികളിൽ സേവനം ചെയ്തിട്ടുണ്ട്. അതിൽ പലതും പല ഘട്ടങ്ങളിലാണുള്ളത്. അല്ലാഹു അദ്ദേഹത്തിന് ഒരു മകനേയും രണ്ടു പെൺമക്കളേയും നൽകിയിട്ടുണ്ട്. വളരെ നിശബ്ദനും തന്റെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആളുമായിരുന്നു. അദ്ദേഹത്തെ എന്തുജോലി ഏൽപ്പിച്ചാലും നല്ലപോലെ നിറവേറ്റുമായിരുന്നു. എപ്പോഴും വാഖ്ഫീന്റെ കടമകൾ പൂർത്തിയാക്കിയിരുന്നു. വളരെ താൽപര്യപൂർവ്വം ജോലികൾ ചെയ്തിരുന്നു. അദ്ദേഹം എല്ലാവരുമായി കൂടിച്ചേരുന്ന നല്ല സ്വഭാവത്തിനുടമയായിരുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം ഡോക്ടർ സയ്യിദ് രിയാളുൽ ഹസൻ സാഹിബിന്റേതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ബ്രിഗേഡിയർ ഡോ. സിയാഉൽ ഹസൻ സാഹിബിന്റെ മകനുമായിരുന്നു. പിന്നെ അദ്ദേഹം ജീവിതം വഖ്ഫു ചെയ്തു. ഡോക്ടർ എന്ന നിലയ്ക്ക് സേവനം ചെയ്തു കൊണ്ടിരുന്നു. ചെറിയ പ്രായത്തിൽത്തന്നെ ജമാഅത്തുപരമായ സേവനങ്ങൾ ചെയ്തിരുന്നു. മജ്‌ലിസ് നുസ്റത്ത് ജഹാൻ സ്കീമിനു കീഴിൽ ഏകദേശം 20 വർഷത്തിലധികകാലം ഉഗാണ്ട, കെനിയ, ഗാമ്പിയ, പാകിസ്താൻ എന്നിവിടങ്ങളിൽ നല്ലപോലെ സേവനം ചെയ്തിട്ടുണ്ട്.

കെനിയയിൽ വർഷങ്ങളോളം സേവനത്തിനുശേഷം സ്പെഷ്യലൈസേഷനും ജനറൽ സർജറിയിൽ ട്രെയിനിങ്ങിനും വേണ്ടി അനുമതി ചോദിക്കുകയും അവിടെ പോവുകയും നിരവധി മെഡിക്കൽ ഡിപ്ലോമകളും സർട്ടിഫിക്കറ്റുകളും കരസ്ഥമാക്കുകയും ചെയ്തു. അദ്ദേഹത്തിന് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ ഡോക്ടർമാർക്ക് അനാട്ടമി പഠിപ്പിക്കാനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. പ്രഗൽഭനായ ഡോക്ടറാ യിരുന്നു. ഗാംബിയായിലെ തദ്ദേശ വിദ്യാർഥികൾക്ക് സാമ്പത്തിക സഹായവും നൽകിയിരുന്നു. അവരുടെ വിദ്യാഭ്യാസ ചെലവുകൾ സ്പോൺസർ ചെയ്തുകൊണ്ടും ജോലി അന്വേഷിക്കുന്നതിൽ അവരെ സഹായിച്ചുകൊണ്ടും ദരിദ്രരും ആവശ്യക്കാരുമായ ആളുകളെ സഹായിക്കാനും എപ്പോഴും തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ ഒരു വലിയ നന്മയെന്തെന്നാൽ വളരെയേറെ ദുആ ചെയ്യുകയും തഹജ്ജുദ് നമസ്കരിക്കുന്ന ആളുമായിരുന്നു എന്നതാണ്. യുവത്വകാലത്തുതന്നെ തഹജ്ജുദ് നമസ്കരിക്കുന്ന സ്വഭാവമുണ്ടാക്കിയിരുന്നു. അദ്ദേഹത്തെ അറിയുന്നവർ എഴുതുന്നു: എല്ലാവരുമായും വളരെയേറെ ഇടപഴകുകയും രോഗികളോടു സത്യസന്ധമായ സ്നേഹവും സഹാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. നല്ല പരിശ്രമശാലിയും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന വ്യക്തിയുമായിരുന്നു. ദുആ ചെയ്യുന്ന ആളും ജനങ്ങളോടു അനുകമ്പയുള്ള ആളുമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ വിനയവും സേവക ഭാവവും നല്ലപോലെ ഉണ്ടായിരുന്നു. നല്ല സ്വഭാവത്തിനുടമയായിരുന്നു. ജീവിതം വഖ്ഫു ചെയ്തവരെ ആദരിച്ചിരുന്നു.അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടുംകൂടി വർത്തിക്കുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം പ്രൊഫസർ അബ്ദുൽ ജലീൽ സ്വാദിഖ് സാഹിബ് റബ്വയുടേതാണ്. കഴിഞ്ഞ ദിവസം എൺപതാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹം ഖുറയ്ശി അബ്ദുൽ ഗനി സാഹിബിന്റെ മകനായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാമഹൻ ഹദ്റത്ത് ഖുത്ത്ബുദ്ദീൻ സാഹിബ് ഓഫ് കോലികി ജില്ലാ ഗുജറാത്ത് മുഖേനയും മാതാമഹൻ ഹദ്റത്ത് മൗലവി ഉഥ്മാൻ സാഹിബ് അമീർ ജമാഅത്ത് ഡേറെ ഖാദിഖാൻ മുഖേനയുമാണ് അഹ്മദിയ്യത്തെത്തിയത്.

ജലീൽ സ്വാദിഖ് സാഹിബ് പൊളിറ്റിക്കൽ സയൻസിൽ എം.എ കരസ്ഥമാക്കി. പിന്നീട് 1964 ഇസ്‌ലാം കോളേജിൽ അധ്യാപകനായി നിയമിക്കപ്പെട്ടു. 66-ൽ വീണ്ടും അദ്ദേഹം ഇംഗ്ലീഷിൽ എം.എ ചെയ്തു. തുടർന്ന് തഅ്ലീമുൽ ഇസ്‌ലാം കോളേജിൽ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായി നിയമിക്കപ്പെട്ടു. തുടർച്ചയായി 39 വർഷംവരെ അധ്യാപനം തുടർന്നു. ഞാനും അദ്ദേഹത്തിന്റെ ശിഷ്യനാണ്. കോളേജിൽ വളരെ മൗനിയും വളരെ സ്നേഹത്തോടെ പഠിപ്പിക്കുന്ന ഉസ്താദുമായിരുന്നു. ശിഷ്യന്മാരുമായി നല്ല ബന്ധമായിരുന്നു. ശിഷ്യന്മാരെ ആദരിച്ചിരുന്നു. 2003-ൽ അദ്ദേഹം ജീവിതം വഖ്ഫു ചെയ്തു.

അദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ റിക്കാർഡ് സൂക്ഷിപ്പ് വിഭാഗത്തിൽ ഇൻചാർജായി നാഇബ് നാളിർ എന്ന നിലയ്ക്ക് നിയമിക്കപ്പെട്ടു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയായിൽ മുഹ്തമിം എന്ന നിലയ്ക്കും സേവനം ചെയ്തിരുന്നു. പാക്കിസ്താൻ സ്വദ്ർ മജ്‌ലിസ് സ്വിഹ്ഹത്തായി നിയമിക്കപ്പെട്ടിട്ടുണ്ട്. 1983 മുതൽ പാകിസ്താനിലെ കേന്ദ്ര ഖളായിൽ ഖാളി ആയിരുന്നു. തന്റെ മുഹല്ലയിൽ സ്വദ്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന് രണ്ട് പെൺമക്കളും ഒരു മകനുമാണുള്ളത്. അദ്ദേഹത്തെ പറ്റി എഴുതുന്നവർ പറയുന്നു: അത് ശരിയുമാണ്.അദ്ദേഹം വളരെയേറെ മൃദുല സ്വാഭാവിയും ഋഷിതുല്യനുമായിരുന്നു.

ഹദിയ്യുന്നബവി(ﷺ) •
"പ്രാർഥനയ്ക്കുള്ള ഇഖാമത്ത് വിളിച്ചു കഴിഞ്ഞാൽ നിർബന്ധമായതൊഴിച്ച് മറ്റു നമസ്കാരമില്ല." (മിശ്ക്കാത്ത് 4:23)
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR

ഹദിയ്യുന്നബവി(ﷺ) •
"അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് ആര് ഒരു മസ്ജിദ് നിർമിക്കുന്നുവോ അല്ലാഹു അവനുവേണ്ടി അതിന്റെ ഛായയിൽ സ്വർഗത്തിൽ പണിയുന്നതാണ്."(ബുഖാരി. 8:65)
tectona

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

അദ്ദേഹം അധികവും മൗനിയായിരിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്. വളരെ ചിന്തിച്ചും അളന്നു തൂക്കിയുമാണ് സംസാരിച്ചിരുന്നത്. നല്ല ശുദ്ധമായ സ്വഭാവവും സൗമ്യ ഭാവവുമായിരുന്നു. ആരുടെയും ജോലിയിൽ അനാവശ്യമായി ഇടപെട്ടിരുന്നില്ല. ആവശ്യമെങ്കിൽ നല്ല അഭിപ്രായങ്ങൾ നൽകുമായിരുന്നു. നല്ല കാര്യങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നു. ആരിൽനിന്നെങ്കിലും പ്രയാസം നേരിട്ടാൽ പരാതി പറഞ്ഞിരുന്നില്ല. വളരെ ക്ഷമയും നന്ദിയും ഉള്ളതിൽതൃപ്തിപ്പെടുന്ന ആളുമായിരുന്നു. ആവശ്യക്കാർക്ക് നിശബ്ദമായും രഹസ്യമായും സ്ഥായിയായ സാമ്പത്തിക സഹായം ചെയ്തിരുന്നു. ഖിലാഫത്തുമായി വലിയ ആഴത്തിലുള്ള ബന്ധമായിരുന്നു. തുടർച്ചയായി കത്തെഴുതുമായിരുന്നു.

കുടുംബങ്ങളോടും വീട്ടിൽ ഭാര്യയോടും വളരെ നല്ലപെരുമാറ്റമായിരുന്നു. മാതാപിതാക്കളുടെ സേവനങ്ങളും അവരുടെ അവകാശങ്ങളും നൽകിയിരുന്നു. മാത്രമല്ല അദ്ദേഹത്തിന്റെ സഹോദരൻ എഴുതുന്നു; സഹോദരി സഹോദരന്മാരുടെ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. വലിയ ഉത്തരവാദിത്വമാണെന്ന് മനസ്സിലാക്കി അവരെ സേവിച്ചിരുന്നു.

അടുത്ത അനുസ്മരണം ജംഗിലെ മാസ്റ്റർ മുനീർ അഹ്മദ് സാഹിബിനെ സംബന്ധിച്ചാണ്. അദ്ദേഹവും കഴിഞ്ഞ ദിവസം 82-മത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് മിയാൻ ഗുലാം മുഹമ്മദ് സാഹിബ് 1930-ൽ ഖലീഫത്തുൽ മസീഹ് ഥാനിؓയ്ക്ക് ബയ്അത്ത് ചെയ്തു. മാസ്റ്റർ സാഹിബ് ജന്മനാ അഹ്മദിയായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായിലും അൻസ്വാറുല്ലായിലും 40 വർഷം സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ജംഗിലെ ജില്ലാ ഖാഇദും ജില്ലാ നാളിമും ആയിരുന്നു. പിന്നീട് ചീനിയോട്ട് ജില്ല രൂപീകരിച്ചപ്പോൾ അവിടെയും ഔദ്യോഗികസ്ഥാനത്ത് തുടർന്നു. വളരെ ആത്മാർഥതയുള്ള സേവകനും ജനോപകാരിയുമായിരുന്നു.

ജംഗിൽ പ്രൈമറി സ്കൂൾ ടീച്ചറായി ജോലി ചെയ്തിരുന്നു. ആയിരക്കണക്കിന് ശിഷ്യന്മാർ അദ്ദേഹത്തിനുണ്ട്. അവർ അദ്ദേഹത്തെ വളരെയേറെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ജനങ്ങൾക്ക് വളരെ ഉപകാരം ചെയ്യുന്ന ആളായിരുന്നു. സർക്കാർ ഓഫീസുകളിൽ എന്തെങ്കിലും കാര്യത്തിന് പോകുന്നവർക്ക് പ്രത്യേകിച്ച് അഹ്മദികൾക്ക് ഉപകാരപ്പെട്ടിരുന്നു. അവരെ സഹായിക്കുക മാത്രമല്ല പലപ്പോഴും തന്റെ വീട്ടിൽ കൊണ്ടുവന്ന് അവരെ സൽക്കരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പൊതുജന സമ്പർക്കം വളരെ വലുതായിരുന്നു. ഈ ബന്ധങ്ങൾ ജമാഅത്തിനും ജമാഅത്തിലെ ആളുകളുടെ സേവനത്തിനും വേണ്ടിയാണ് അദ്ദേഹം ഉപയോഗപ്പെടുത്തിയത്. സ്വന്തം കാര്യത്തിനുവേണ്ടി യായിരുന്നില്ല. തടവുകാർ അത് ജമാഅത്തിൽ പെട്ടവരാണെങ്കിലും അനഹ്മദികളാണെങ്കിലും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി എപ്പോഴും തയ്യാറായിരുന്നു. ജയിൽ അധികാരികളുമായി വ്യക്തിപരമായ അടുപ്പമുണ്ടായിരുന്നു. അതുമുഖേന അദ്ദേഹം ജമാഅത്തിൽപ്പെട്ട തടവുകാരുടെ ക്ഷേമ കാര്യങ്ങളും നടത്തിയിരുന്നു. ജയിലുകളിൽ സൗകര്യം ചെയ്തുകൊടുക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിന്റെ വലിയ ബന്ധങ്ങളുണ്ടായിരുന്നു. ഞങ്ങൾ ജയിലിലായിരുന്നപ്പോൾ എനിക്കും ഞങ്ങൾക്കെല്ലാവർക്കും വലിയ സേവനങ്ങളാണ് ചെയ്തത്. ആ സമയത്ത് ജയിലറുമായുള്ള വ്യക്തിപരമായ ബന്ധം കാരണം ഞങ്ങൾക്ക് വലിയ സൗകര്യങ്ങൾ ചെയ്തു തന്നു. അത് പൊതുവേ ജയിലിലുള്ളവർക്ക് കിട്ടാത്തതാണ്.

ഏതെങ്കിലും പ്രത്യേക വ്യക്തിയുടെ സേവനമായിരുന്നില്ല ദരിദ്രനായ അഹ്മദിയാണെങ്കിലും ധനികനാണെങ്കിലും ആരാണെങ്കിലും അവരുടെ സേവനത്തിനു വേണ്ടി എപ്പോഴും തയ്യാറായിരുന്നു. പൊതുവിൽ തടവുകാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നു. ഖാദിയാനോട് അദ്ദേഹത്തിന് പ്രത്യേക സ്നേഹമുണ്ടായിരുന്നു. ഏകദേശം എല്ലാ വർഷവും ഖാദിയാനിൽ പോയിരുന്നു. അവിടെ ഡ്യൂട്ടികളിലും ഭാഗഭാക്കായിരുന്നു. കേന്ദ്ര പ്രതിനിധികൾ തന്റെ ജില്ലയിൽ പര്യടനത്തിന് വരുമ്പോൾ അവരുമായി നല്ലപോലെ സഹകരിച്ചിരുന്നു. നോട്ടീസ് വിതരണം ചെയ്തതിന്റെ പേരിൽ 1988-ൽ അദ്ദേഹത്തിനുമേൽ ഒരു കേസുമുണ്ടായിരുന്നു. എന്നാൽ, പിന്നീട് അത് തള്ളിപ്പോയി. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന് മക്കളില്ലായിരുന്നു. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1 ൽ നിന്ന്

വസ്ഥയിലും സർവശക്തിയും ക്ഷയിച്ചു കഴിഞ്ഞിരിക്കുന്ന ആ ഘട്ടത്തിലും എല്ലാ കഴിവും ചെലവായിക്കഴിഞ്ഞിട്ടുള്ള ആ സന്ദർഭത്തിലും മരിക്കുന്നതിന് അൽപം മിനുറ്റ് മുമ്പേവരെ, താൻ വീണ്ടും ഈ ലോകത്തു വരാനാഗ്രഹിക്കുന്നുവെന്ന് തോന്നും വിധം സമ്മർദം പ്രയോഗിക്കുന്നു. അവന്റെ ശരീരം മുഴവൻ വിറയ്ക്കുന്നു. കഴുത്ത് പൊങ്ങുന്നു. അയാൾ തന്റെ ശക്തിയുടെ അവസാനത്തെ തരിവരെ രക്ഷപ്പെടുന്നതിനുവേണ്ടി ചെലവഴിക്കുന്നു. ഇത് അബോധാവസ്ഥയിലുള്ള മനുഷ്യന്റെ അവസ്ഥയാണ്. അയാളുടെ ശക്തിമുഴുവൻ ചെലവായി കഴിഞ്ഞിരിക്കുന്നു. അവൻ ഉണക്കക്കൊള്ളിയായി തീർന്നിട്ടുണ്ട്. അപ്പോൾപ്പിന്നെ അബോധാവസ്ഥയിലല്ലെങ്കിൽ ശക്തികളൊന്നും ചെലവായി കഴിഞ്ഞിട്ടില്ലെങ്കിൽ അവന്റെ അവസ്ഥ എന്തായിട്ടുണ്ടാകും? ഒരു ചെറിയ കുട്ടിയെപ്പോലും കിണറ്റിലിടാൻ പോകുന്നതുപോലെ തള്ളി നോക്കുക. എങ്ങനെയാണ് ആ കുട്ടി അള്ളിപിടിക്കുന്നതെന്ന്കാണാം. സാധാരണ ശക്തിയെക്കാൾ 8,10 അളവു കൂടുതൽ ശക്തി അവനിലപ്പോഴുണ്ടാകും. ഗുസ്തിയിൽ ഫയൽവാന് ഒരു മിനുറ്റുകൊണ്ട് ഒരാളെ വീഴത്താൻ കഴിയുമെങ്കിൽ അയാളെ സംബന്ധിച്ച് ഫയൽവാനോടു അവനെ കിണറ്റിൽ തള്ളിയിടാൻ പറഞ്ഞാൽ തൽക്കാലം ഒരു മിനിറ്റ് അവിടെ നിൽക്കട്ടെ, ഒരു മണിക്കൂറുകൊണ്ടും അയാളെ കിണറ്റിലിടാൻ കഴിയില്ല. കാരണം ഗുസ്തിയിൽ, അതു മത്സരമാണെന്ന് അയാൾക്കറിയാം. വീണാൽത്തന്നെ എന്താകാനാണ്? എന്നാൽ, തനിക്ക് മരണം വരാൻപോകുന്നുവെന്ന് അയാൾ മനസ്സിലാക്കുമ്പോൾ തന്റെ മുഴുവൻ ശക്തിയുമെടുത്ത് പ്രയോഗിക്കുകയും അയാൾ എത്രമാത്രം ശക്തിപ്രയോഗിക്കുമെന്നാൽ ഒന്നമതായി അവൻ ഫയൽവാന് സമാനനായിത്തീരും. അല്ലെങ്കിൽപ്പോലും അവനോടടുത്തെത്തും. അല്ലാഹുവിൽനിന്ന് ലോകത്ത് ഏതെങ്കിലും ജമാഅത്ത് സ്ഥാപിക്കപ്പെടുമ്പോൾ ആ നേരത്ത് ശയ്ത്വാനുമായി ബന്ധപ്പെട്ട ദുരാത്മാക്കൾ അല്ലെങ്കിൽ ചില പാപങ്ങൾ കാരണത്താൽ ശയ്ത്വാൻ ആരുടെമേലാണോ ആധിപത്യം സ്ഥാപിച്ചിട്ടുള്ളത് അവർ ആവേശത്തിമർപ്പിൽ വരുന്നു. അവർ തങ്ങളുടെ മുഴുവൻ ശക്തിയും ഒരു വിധത്തിലും സത്യം ലോകത്ത് പരക്കാതിരിക്കാൻ ചെലഴിക്കുന്നു. ഈയാളുകൾ ദൈവിക ജമാഅത്തിന്നെതിരിൽ എഴുന്നേറ്റു നിൽക്കുന്നു. ചിലപ്പോൾ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിനെപ്പോലെ ഈ ദൈവിക ജമാഅത്തിൽ പേരിനുവേണ്ടി ചേരുന്നു. ചിപ്പോൾ പേരിനോടു ബന്ധിപ്പിച്ച് പറയുന്നു. പക്ഷേ, നിള്ളാമുമായി, അഥവാ വ്യവസ്ഥിതിയുമായി തങ്ങളെ ബന്ധപ്പെടുത്തുകയില്ല. ഏതുപോലെയെന്നാൽ ഹദ്റത്ത് അലി(റ)യുടെ കാലഘട്ടത്തിൽ ഖ്വാരിജികളായിരുന്നതുപോലെ. ചിലപ്പോൾ പേരുമായി ബന്ധപ്പെടുത്താത്തവരും വ്യവസ്ഥിതിയുമായ ഒരു ബന്ധവുമില്ലാത്തവരും ഉണ്ടാകാറുണ്ട്. സത്യനിഷേധികളേയും യഹൂദികളേയും ക്രിസ്ത്യാനികളേയുംപോലെ! ഇവരെല്ലാവരും ചേർന്ന് അല്ലാഹു ലോകത്തയച്ച പ്രവാചകന്മാരുടെ ഉദ്ദേശ്യങ്ങളിൽ തടസ്സമുണ്ടാക്കാനാഗ്രഹിക്കുന്നു.

ഹദ്റത്ത് ആദം(അ)അല്ലാഹുവിൽനിന്നു പരിശുദ്ധിയുടെ സുഗന്ധം പ്രാപിച്ചപ്പോൾ അവൻ ഹദ്റത്ത് ആദമിന്റെ പിന്നാലെ ഓടി. പിന്നീട് നൂഹ്(അ) വന്നു. അദ്ദേഹം സുഗന്ധം പ്രാപിച്ചു. അദ്ദേഹത്തിന്റെ പിന്നാലെ അവനോടി. പിന്നീട് ഹദ്റത്ത് ഇബ്റാഹീം(അ)വരികയും അദ്ദേഹം മുഖേന ഈ സുഗന്ധം പരക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പിന്നാലെ അവനോടി. ഹദ്റത്ത് രാമനും, ഹദ്റത്ത് കൃഷ്ണനും ഹദ്റത്ത് സർദിശ്ത്തും ഹദ്റത്ത് ഈസായും ഹദ്റത്ത് മുഹമ്മദും(സ) വന്നപ്പോൾ അവരുടെ പിന്നാലെയും പാഞ്ഞു. ഇവരിലെല്ലാവരിലും ഒരു തരത്തിലുള്ള സുഗന്ധമല്ലായിരുന്നെങ്കിൽ അവരിൽ ശയ്ത്വാന്റെ ആക്രമണവും ഒരേ തരത്തിലുള്ളതാകുമായിരുന്നില്ല. അവരുടെയെല്ലാവരുടേയും സുഗന്ധം ഒന്നുതന്നെയായിരുന്നു. തൗഹീദിന്റെ സുഗന്ധമായിരുന്നു. അതുകൊണ്ട് ശയ്ത്വാൻ അവരുടെ കാലഘട്ടങ്ങളിൽ ഒരേതരത്തിലുള്ള ആക്രണവും നടത്തി. എന്നാൽ പറയുന്നു: ഫ യൻസഖുല്ലാഹു മാ യുൽഖിശ്ശയ്ത്വാനു ഥുമ്മ യുഹ്കിമുല്ലാഹു ആയാത്തിഹീ വല്ലാഹു അലീമുൻ ഹക്കീമുൻ(22:53)അപ്പോൾ ശയ്ത്വാനിടുന്നതിനെ അല്ലാഹു മായിച്ചു കളയുന്നു. എന്നിട്ട് അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങളെ ശക്തിപ്പെടുത്തുന്നു. അല്ലാഹു നല്ലവണ്ണം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു. *(തഫ്സീറെ കബീർ വാള്യം 6, പേജ് 71, പ്രസാധനം ഖാദിയാൻ 2010)*

www.alislam.org
Al Islam - Official website of Ahmadiyya Muslim Community

പേജ് 12 ൽ നിന്ന്

നിങ്ങൾ **തഫഖഹുഫിദ്ദീൻ** എന്നതിന്റെ അവകാശം നിറവേറ്റുന്നവരായി മാറുകയുള്ളൂ. ഇക്കാര്യത്തിലേക്കും നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഹുദൂർ പറഞ്ഞു: ഇതിനുപുറമെ ദാസരോടുളള കടമ എന്നതിൽ മറ്റെല്ലാ ധാർമികഗുണങ്ങളും ധാർമികഗുണങ്ങളെ വിലമതിക്കുകയെന്നതും ഉൾപ്പെടുന്നു. അതിന്റെ വിശദീകരണത്തിൽ നിങ്ങൾ എത്രകണ്ട് പോകുന്നുവോ അത്രകണ്ട് അത് നിങ്ങളിൽ വ്യക്തമാകുന്നതായിരിക്കും. അതിന്റെ വിശദീകരണം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നിങ്ങളുടെ ജോലി. ഇതിന്റെ യഥാർഥ ആത്മാവുണ്ടാക്കുന്നതിനുവേണ്ടി അല്ലാഹു നമുക്ക് വിശുദ്ധ ഖുർആനിൽ ഒരു ഉദാഹരണം പറഞ്ഞുതന്നിരിക്കുന്നു. അതായത് തേനീച്ച പ്രവർത്തിക്കുന്നതുപോലെ നിങ്ങളും പ്രവർത്തിക്കുക. തേനീച്ച തന്റെ കൂട് ഉയരത്തിലാണ് ഉണ്ടാക്കാറുള്ളത്. ഇപ്പോൾ ഡൊമസ്റ്റിക് നിലയിലും നാം തേനീച്ചയെ വളർത്താൻ തുടങ്ങി. ഡബ്ബയിലും വെക്കുന്നു. എന്നിരുന്നാലും ഭൂമിയിൽനിന്ന് ഉയർന്നിട്ടാണുണ്ടാകുക. പൊതുവിൽ തേനീച്ച തന്റെ കൂട് ഉയർന്ന സ്ഥലത്താണ് കൂട്ടാറുള്ളത്. ഉദാഹരണത്തിന് മലയിലും വൃക്ഷങ്ങളിലുമുണ്ടാക്കുന്നു. ഇതാണ് അല്ലാഹു പറഞ്ഞത്. നാം കാണുന്നതും ഇങ്ങനെതന്നെയാണ്. അതുകൊണ്ട് നിങ്ങളുടെ വിചാരവുമുയർന്നതായിരിക്കണം. നിങ്ങളുടെ അറിവിന്റെ വിശാലത ഉയർന്നനിലയിലുള്ളതായിരിക്കണം. ഭൂമിയിലുള്ള വസ്തുക്കളിൽ ഒതുങ്ങിനിൽക്കാതെ നിങ്ങൾ ആകാശത്തിലേക്ക് ഉയരേണ്ടതാണ്. നിങ്ങളുടെ ആശ്രയസ്ഥാനം അല്ലാഹുവിന്റെ അസ്തിത്വത്തിലാകേണ്ടതാണ്. ഭൗതികലോകത്തോടാകരുത്. അതിനാൽ ഉയർന്ന സ്ഥലത്താണ് നിങ്ങളുടെ ആശ്രയസ്ഥാനമാക്കേണ്ടതെന്ന ഒരു പാഠമാണ് തേനീച്ച നമുക്ക് നൽകുന്നത്. ഏറ്റവുമുയർന്ന ആശ്രയസ്ഥാനം അല്ലാഹുവിന്റെ അസ്തിത്വമാണ്. ഈ അഭയസ്ഥാനത്തെ പിടിക്കുകയാണെങ്കിൽ ഒരു ഭൗതിക അഭയസ്ഥാനവും നിങ്ങൾക്ക് നഷ്ടം വരുത്തുകയില്ല. തേനീച്ച പല പഴങ്ങളുടെ ചാറിൽനിന്നും തേൻ കരസ്ഥമാക്കുന്നുവെന്ന് അല്ലാഹു ഇവിടെ പറയുന്നു. നിങ്ങൾക്കും ഇവിടെ പല പഴങ്ങളും സമർപ്പിക്കുന്നു. വിശുദ്ധഖുർആൻ എല്ലാവിധ സവിശേഷതയുടേയും സ്രോതസ്സാണ്. എല്ലാവിധ അധ്യാപനങ്ങളുടേയും ഉറവിടമാണ്. അല്ലാഹുവിലേക്കെത്താനുള്ള മാർഗവും ദാസരോടുള്ള കടമ നിറവേറ്റാനുള്ള ഉത്തമമായ പാഠവും ഇതിലുണ്ട്. മതപരമായ യോജിപ്പ് നിലനിറുത്താനുള്ള പാഠം ഇതിലുണ്ട്. എല്ലാ മതങ്ങളേയും ശ്രദ്ധിക്കേണ്ടതിനെക്കുറിച്ചും ആദരിക്കേണ്ടതിനെകുറിച്ചുമുള്ള പാഠവും ഇതിലുണ്ട്. ഇതിന്റെ അറിവാണ് നിങ്ങളിവിടെനിന്ന് കരസ്ഥമാക്കുന്നത്. ഇതിന്റെ വിശദീകരണമായി നബി(സ)തിരുമേനി പറഞ്ഞ ഹദീഥുകളുണ്ട്. ഇതിന്റേയും അറിവാണ് നിങ്ങളിവിടെനിന്ന് കരസ്ഥമാക്കുന്നത്. പിന്നെ കർമ്മശാസ്ത്രപണ്ഡിതന്മാർ ഇതിന്റെ പല വ്യാഖ്യാനങ്ങളും നൽകിയിട്ടുണ്ട്. അതും നിങ്ങളിവിടെനിന്ന് പഠിക്കുന്നു. മറ്റു മതങ്ങളെക്കുറിച്ച് അറിയുന്നതിനുവേണ്ടി മതങ്ങൾ തമ്മിലുള്ള താരതമ്യപഠനവും ഇവിടെനിന്ന് കരസ്ഥമാക്കുന്നുണ്ട്. നിങ്ങൾ ക്രിസ്ത്യാനികളെക്കുറിച്ചും യഹൂദികളുടെ അധ്യാപനത്തെക്കുറിച്ചും ബുദ്ധമതത്തിന്റെ പാഠങ്ങളെക്കുറിച്ചും മറ്റുള്ള മതങ്ങളെക്കുറിച്ചും ഇവിടെ പഠിക്കുന്നതാണ്; അവരുടെ അധ്യാപനങ്ങളെന്താണെന്നും ഇസ്‌ലാമിന്റെ അധ്യാപനമെന്താണെന്നും അറിയുന്നതിനുവേണ്ടി. ആരെങ്കിലും ഇസ്‌ലാമിനെക്കുറിച്ച് ആക്ഷേപിക്കുകയാണെങ്കിൽ അതിനു മറുപടി എങ്ങനെ നൽകണം? മറ്റുള്ള മതങ്ങളുടെ പോരായ്മകളെ മറ്റുള്ളവരുടെ മുന്നിൽ പറയുന്നതിനു പകരം മറ്റുള്ള മതങ്ങളുടെ അധ്യാപനങ്ങൾ കരസ്ഥമാക്കിയതിനുശേഷം നിങ്ങൾ ഇസ്‌ലാമിന്റെ സവിശേഷതകളെക്കുറിച്ചും അധ്യാപനകളെക്കുറിച്ചും പറഞ്ഞുകൊടുക്കേണ്ടതാണ്. (തുടരും) (കടപ്പാട്: അൽഫള്ൽ ഇന്റർനാഷണൽ 1-3-2013).

പേജ് 1 ൽ നിന്ന്

അതായത്, അതിനെ ചികിത്സ നടത്താൻ ആഗ്രഹിച്ചാലും മനുഷ്യൻ അല്ലാഹുവിൽനിന്ന് മനഃശക്തിയും തന്റേടവും പ്രാപിക്കുന്ന ആ വഴി ആരെങ്കിലും പറഞ്ഞുകൊടുത്താലും അവനെ കാഫിർ എന്നും ദജ്ജാൽ എന്നും പറയുന്നു. ഞാൻ പറയുന്നു: ഈ ആളുകൾക്ക് ഈമാനിന്റെ ഒരുഫലം വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം സങ്കൽപിക്കുകയെങ്കിലും ചെയ്യുക. സങ്കൽപത്തിലും വലിയ വലിയ ഫലങ്ങൾ ക്രമീകരിക്കപ്പെടാറുണ്ട്. ജ്യോമെട്രിയുടെ എല്ലാ അടിസ്ഥാനതത്ത്വങ്ങളും സങ്കൽപത്തിൽതന്നെയാണുള്ളത്. അതിൽനിന്ന് എത്രമാത്രം നേട്ടങ്ങളുണ്ടാകുന്നു. വലിയ വലിയ ജ്ഞാനങ്ങളുടെ അടിത്തറ ഒന്നാമതായി സങ്കൽപത്തിൽനിന്നുതന്നെയാണുണ്ടാകുന്നത്. അതുകൊണ്ട് ഈമാനിനേയും സങ്കൽപിച്ചുകൊണ്ട് സ്വീകരിക്കുകയാണെങ്കിൽ അപ്പോഴും അവൻ കൈയൊഴിക്കുകയില്ലെന്നത് വിശ്വാസമാണ്. എന്നാൽ, ഇവിടുത്തെ ഇപ്പോഴത്തെ അവസ്ഥ എന്തായിരിക്കുന്നുവെന്നാൽ അവൻ ആദ്യം മുതലേ അതൊരു നിരർഥകാര്യമായി മനസ്സിലാക്കിയിരിക്കുന്നു. *(മൽഫൂദാത്ത് വാള്യം 2, പേജ് 41, 2018 ഖാദിയാൻ പതിപ്പ്)*

mta INTERNATIONAL WWW.MTA.TV

## നമ്മൾ സ്വഹാബത്തിനെപോലെ ആകണം

നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് പറയുന്നു:

"ലോകത്തിന് യഥാർഥ ഇസ്‌ലാം പഠിപ്പിക്കണമെങ്കിൽ ഏറ്റവുമാദ്യം നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ട് സ്ഥാപിച്ച ഈ നിലവാരത്തിലുള്ളബന്ധം അല്ലാഹുവുമായി ഉണ്ടാക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിന്റെ ചിത്രം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ കോറിയിട്ടിരിക്കുന്നു. അവിടന്ന് പറയുന്നു: 'വിശുദ്ധ ഖുർആൻ അവരുടെ(സ്വഹാബത്തിന്റേ)ആദ്യത്തെ അവസ്ഥ ഇങ്ങനെ വരച്ചുകാണിച്ചത് അത്യധികം വലിയ കാര്യമാണ്. **യഅ്കുലൂന കമാ തഅ്കുലുൽ ആൻആമ** (47:13) കാലികൾ തിന്നുന്നതുപോലെയാണ് അവർ തിന്നാറുണ്ടായിരുന്നത്. കുഫ്റിന്റെ കാലത്തെ അവരുടെ അവസ്ഥ അതായിരുന്നു. പിന്നീട് നബി(സ)തിരുമേനിയുടെ പരിശുദ്ധ സ്വാധീനങ്ങൾ അവരിൽ പരിവർത്തനമുണ്ടാക്കിയപ്പോൾ അവരുടെ അവസ്ഥ **യബീത്തൂന ലി റബ്ബിഹിം സുജ്ജദിൻ വ്വ ഖിയാമാ**(25:65) എന്നായി. അതായത് അവർ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സുജൂദു ചെയ്തും നിന്നും രാത്രികൾ കഴിച്ചുകൂട്ടി.

*(മൽഫൂദാത്ത് വാള്യം 9, പേജ് 145)*

### • ഹദീഥുന്നബ്‌വി(സ) •

"ശപിക്കപ്പെട്ട മൂന്നു കാര്യങ്ങളിൽനിന്ന് പിന്മാറുക; ഉറവുകൾക്ക് സമീപവും വഴിയിലും (മനുഷ്യൻ വിശ്രമിക്കുന്ന) തണലിലും വിസർജിക്കുന്നതിൽനിന്ന്."

(മിശ്ക്കാത്ത് 3:2)

ത്വാലിബെ ദുആ

**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

### • ഹദീഥുന്നബ്‌വി(സ) •

**നബി(സ)തിരുമേനി പ്രാഥമിക ആവശ്യം കഴിഞ്ഞ് പുറത്തുവന്നാൽ പറയുമായിരുന്നു: "എന്നിൽനിന്ന് മാലിന്യത്തെ നീക്കുകയും എനിക്ക് ആരോഗ്യം നല്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവസ്തുതിയും."** (മിശ്ക്കാത്ത് 3:2)

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

(ബദ്ർ വാള്യം 9 ലക്കം 42, പേജ് 12, കോളം 3-ൽ നിന്ന് തുടർച്ച.....)

**2014 ജൂൺ 16 തിങ്കളാഴ്ച**

**ജൽസാസാലാന, ജർമനി:**

രാവിലെ 04.20-ന് ഹുദൂർ സ്വുബ്ഹി നമസ്കാരത്തിന് നേതൃത്വം വഹിച്ചു. തുടർന്ന് ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. ആവശ്യമായ മാർഗനിർദേശങ്ങൾ നല്കി. വിവിധ ഓഫീസ് സംബന്ധമായ കാര്യങ്ങൾ നിർവഹിച്ചു. രാവിലെ 11.00 മണിക്ക് ഹുദൂർ ഓഫീസിലെത്തി.

അഹ്മദിയ്യാ ജമാഅത്ത് കാനഡ അമീർ മലിക്ക് ലാൽഖാൻ സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഓഫീസ് സംബന്ധമായും മറ്റുവിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും മാർഗനിർദേശങ്ങൾ കരസ്ഥമാക്കി. ശേഷം 11.20-ന് വിവിധ രാജ്യങ്ങളിൽനിന്ന് വന്ന ജമാഅത്ത് പ്രതിനിധി സംഘങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

**മാസിഡോണിയൻ പ്രതിനിധിസംഘം ഹുദൂറിനെ കാണുന്നു.**

55 പേരടങ്ങുന്ന മാസിഡോണിയൻ സംഘം ഏകദേശം രണ്ടായിരം കിലോമീറ്റർ 35 മണിക്കൂർ യാത്ര ചെയ്താണെത്തിയത്. ഈ സംഘത്തിൽ 28 ക്രിസ്തുമത വിശ്വാസികളും 10 അനഹ്മദീ മുസ്‌ലിമീങ്ങളും 17 അഹ്മദികളുമുണ്ടായിരുന്നു.

ഈ വർഷം മാസിഡോണിയായിലെ രണ്ട് പത്രപ്രവർത്തകരും ഒരു ക്യാമറാമാനും ജർമനി ജൽസയിൽ പങ്കെടുക്കാനെത്തിയിരുന്നു. മൂന്നു ദിവസം വിവിധ ജൽസാ പരിപാടികൾ റെക്കോർഡ് ചെയ്തു കൊണ്ടിരുന്നു. മടങ്ങിപ്പോയി തന്റെ ടി.വിയിൽ ഈ പ്രോഗ്രാമുകൾ കാണിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ജർമൻ ജൽസാ സാലാനയുടെ ഭാഗമായതും ഖലീഫത്തുൽ മസീഹിനെ കണ്ടതും തനിക്ക് ലഭിച്ച വലിയ ആദരവാണെന്ന് അദ്ദേഹം പറഞ്ഞു. ജൽസാ സാലാന പരിപാടികൾ ഞങ്ങളെ വളരെ ആകർഷിച്ചു. ഈ സംഘാംഗങ്ങളിൽനിന്ന് 9 പേർ ജൽസയുടെ അവസാന ദിവസം ബയ്അത്ത് ചെയ്തു.

മാധ്യമങ്ങളുമായി ബന്ധമുള്ള ഒരു സ്ത്രീ: ഖലീഫത്തുൽ മസീഹ് ജൽസയുടെ എല്ലാ സംവിധാനത്തെ കുറിച്ചും തൃപ്തനാണോ? ജൽസയിൽ പങ്കെടുത്തവരുടെ എണ്ണം താങ്കളുടെ പ്രതീക്ഷകൾക്ക് അനുസ്യതമാണോ?

ഹുദൂർ അൻവർ: പുരോഗതി കൈവരിക്കുന്ന സമൂഹങ്ങൾകൂടുതൽക്കൂടുതൽഉത്തമമായതിലേക്ക് അന്വേഷണം നടത്തുന്നു. നമ്മളെല്ലാം നേടി എന്ന് പറയാവുന്ന സ്ഥാനത്തെത്തി എന്ന് നമുക്ക് പറയാൻ കഴിയില്ല. ജൽസാ ഭാരവാഹികളോട് റെഡ്ബുക്ക് തയ്യാറാക്കുവാൻ ഞാൻ പറഞ്ഞിട്ടുണ്ട്. ജൽസാ തയ്യാറെടുപ്പുകളിൽ ശേഷിച്ചിട്ടുള്ള ന്യൂനതകൾ റെഡ്ബുക്കിൽ രേഖപ്പെടുത്തുക. വരും വർഷങ്ങളിൽ പ്രസ്തുത ന്യൂനതകളെല്ലാം പരിഹരിക്കും. ഇന്നലെ വൈദ്യുതി സംവിധാനത്തിൽ പ്രശ്നം നേരിട്ടു. അതു കാരണത്താൽ ശബ്ദം ശരിക്കും എത്തുന്നുണ്ടായിരുന്നില്ല. അപ്പോൾപ്പിന്നെ സംവിധാനങ്ങളിൽ തൃപ്തനായിരുന്നുവെന്ന് എനിക്കെങ്ങനെ പറയാൻസാധിക്കും?

ചിലപ്പോൾ സ്ത്രീകളുടെ ഭാഗത്ത് കുട്ടികൾക്ക് സൗകര്യങ്ങളൊരുക്കുന്നതിൽ വീഴ്ച ഉണ്ടാകാറുണ്ട്. അതിന്റെ വിവരങ്ങൾ അറിയാറുണ്ട്. വളരെപ്പേർ എനിക്കെഴുതി അറിയിക്കാറുമുണ്ട്. ഇപ്പോൾ എന്തായാലും ജൽസ അവസാനിച്ചു. എവിടെയെല്ലാം കുറവുകളുണ്ടായിട്ടുണ്ടോ അതിനെ കുറിച്ചുള്ള വിവരങ്ങൾ എനിക്ക് ലഭിച്ചുകൊണ്ടിരിക്കും.

അടുത്തവർഷം ഇൻശാഅല്ലാഹ് ഈ കുറവുകൾ പരിഹരിക്കുന്നതാണ്. ജൽസയിൽ പങ്കെടുത്തവരുടെ എണ്ണത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇവിടുത്തെ ഭൂരിപക്ഷം പേരും പങ്കെടുത്തിരുന്നു. 90 മുതൽ 95 ശതമാനംവരെ ആളുകൾ പങ്കെടുത്തു. വളരെ നല്ല അന്തരീക്ഷമായിരുന്നു. എണ്ണം വളരെ തൃപ്തികരമാണ്. കൂടുതൽ ഉന്നതി പ്രാപിക്കേണ്ട ആവശ്യമുണ്ട്. കാരണം, ഓരോ വർഷവും എണ്ണത്തിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആവശ്യങ്ങളും വർധിക്കുന്നു. അതുകൊണ്ടുതന്നെ കൂടുതൽ പുരോഗതി പ്രാപിക്കേണ്ട ആവശ്യമുണ്ട്.

ഒരു അതിഥി: ക്രിസ്ത്യാനി ഇസ്‌ലാം സ്വീകരിച്ചില്ലെങ്കിൽ അയാളോടു ഏത് വിധത്തിലാണ് പെരുമാറുക?

ഹുദൂർ അൻവർ: മതം മനുഷ്യന്റെ ഹൃദയവുമായി ബന്ധപ്പെട്ടു കിടക്കുന്ന കാര്യമാണെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങളുടെ യഥാർഥ വിജയം മനുഷ്യന്റെ നിശ്ചയദാർഢ്യത്തിലാണ്. ദൈവം ഒരാളോടു ഏതു വിധത്തിലാണ് പെരുമാറുന്നതെന്ന് അവന് മാത്രമേ അറിയുകയുള്ളൂ. പേരിൽ ആരെങ്കിലും മുസ്‌ലിമാണെങ്കിൽ, മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന മുസ്‌ലിമാണെങ്കിൽ അവന്റെ പ്രവർത്തനങ്ങൾ മോശമാണ്. മറുഭാഗത്ത് ഒരു ക്രിസ്ത്യാനി ഉന്നത സ്വഭാവഗുണമുള്ള വ്യക്തിയാണെങ്കിൽ ദൈവത്തിന് അയാൾക്ക് പൊറുത്തുകൊടുക്കാനുള്ള അധികാരമുണ്ട്. വ്യക്തമായും വിശുദ്ധ ഖുർആൻ പറഞ്ഞു കഴിഞ്ഞു: ***ലാ ഇക്റാഹ ഫിദ്ദീൻ ഖദ്തബയ്യന ർറുശ്ദു മിനൽഗയ്യി*** മതത്തിൽ ഒരു വിധത്തിലുള്ള ബലാൽക്കാരവുമില്ല. നിശ്ചയമായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽനിന്ന് വ്യതിരിക്തമായിരിക്കുന്നു. (2:257)

സത്യം ഇസ്‌ലാമിന്റെ അധ്യാപനം തന്നെയാണ്. എല്ലാ വിധത്തിലും അത് പൂർണമാണ്. അല്ലാഹു താനിച്ഛിക്കുന്നതുപോലെ വിധിക്കുന്നു. താനിച്ഛിക്കുന്നവർക്ക് ക്ഷമിച്ചു കൊടുക്കുകയോ ശിക്ഷ നല്കുകയോ ചെയ്യുന്നു.

ദൈവത്തിനോടുള്ള കടമകൾ നിർവഹിക്കുക. ദൈവത്തിന്റെ ദാസരോടുള്ള കടമകൾനിർവഹിക്കുക. കഴിഞ്ഞു കടന്നുപോയ ജനതകളിൽ നിയോഗിതരായ എല്ലാ നബിമാരേയും ആദരിക്കുക. കഴിഞ്ഞു കടന്ന നബിമാർ ഒരു അവസാന നബിയുടെ വരവിനെ കുറിച്ച് ദീർഘദർശനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിൽ ദൈവത്തിൽനിന്നുവന്ന അധ്യാപനം പൂർണത പ്രാപിച്ചു കഴിഞ്ഞു. നബിﷺതിരുമേനിയുടെ വരവോടുകൂടി ഈ ദീർഘദർശനം പുലർന്നു. അദ്ദേഹത്തിൽ ശരീഅത്തിന്റെ അധ്യാപനം പൂർത്തീകരിക്കപ്പെട്ടു. ഇനി ഇസ്‌ലാമിന്റെ സമ്പൂർണ അധ്യാപനം നിലവിലുണ്ട്. എന്നിരിക്കെ മറുഭാഗത്ത് മുസ്‌ലിമീങ്ങളുടെ അവസ്ഥ ഇത്രയും മോശമായതെന്തുകൊണ്ട്?

ഇതു സംബന്ധമായി നബിﷺതിരുമേനിയുടെ ഒരു ദീർഘദർശനമുണ്ട്. നബിﷺതിരുമേനി പറയുന്നു: 'ഇസ്‌ലാമിനുമേൽ ഒരു കാലം വരും. അപ്പോൾ ഇസ്‌ലാമിന്റെ നാമധാരികൾ അതിന്റെ അധ്യാപനം പാടേ മറക്കും. മുസ്‌ലിമീങ്ങൾ നിഷ്ക്രിയരായിത്തീരും. മസ്ജിദുകൾ ജനനിബിഢമായിരിക്കും. പക്ഷേ, നേർമാർഗത്തിൽനിന്നും ശൂന്യമായിരിക്കും. വിശുദ്ധ ഖുർആന്റെ ലിപികൾ മാത്രം അവശേഷിക്കും . അവരുടെ പണ്ഡിതന്മാർ ആകാശത്തിൻകീഴിൽ നികൃഷ്ടജീവികളായിരിക്കും. അതായത് എല്ലാ കുഴപ്പങ്ങളുടേയും ഉറവിടമായി അവർ മാറും. അപ്പോൾ ഒരു പരിഷ്ക്കർത്താവ് വരും. എല്ലാവരേയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടും. ഇസ്‌ലാമിന്റെ നേർമയുള്ളതും യഥാർഥവുമായ അധ്യാപനത്തെ വ്യാപിപ്പിക്കും. എല്ലാവരേയും സാഹോദര്യത്തിലും സ്നേഹത്തിലും നടത്തും. നബിﷺതിരുമേനിയുടെ ദീർഘദർശനം അനുസരിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ്ؑ നിയോഗിതരായി. മഹ്ദീ മസീഹായി നിയോഗിതരായി. 1889-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപനമുണ്ടായി. വന്ന വ്യക്തിയെ ഞങ്ങൾ സ്വീകരിച്ചു. മറ്റു മുസ്‌ലിമീങ്ങൾ സ്വീകരിച്ചിട്ടില്ല. ഇതു തന്നെയാണ് നമ്മുടേയും മറ്റുള്ളവരുടേയും ഇടയിലുള്ള വലിയൊരു വ്യത്യാസം.(തുടരും)

**ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്**

**നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക!!!**

പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
ismayeel.ha@gmail.com
managerbadrqnd@gmail.com

**The Weekly BADR Qadian (Malayalam)**

www.akhbarbadr.in

## ദർജദോം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ ജോലി ഒഴിവ്.

**നിബന്ധനകൾ:**

(1) അപേക്ഷകന്റെ പ്രായം 25 വയസ്സിൽ കൂടാനോ 18 വയസ്സിൽ കുറയാനോ പാടില്ല.

(2) വിദ്യാഭ്യാസയോഗ്യത കുറഞ്ഞത് പ്ലസ് ടു പരീക്ഷയിൽ 45% മാർക്കുണ്ടായിരിക്കണം.

(3) ഉദ്യോഗാർഥിക്ക് ഉർദു/ഇംഗ്ലീഷ് കമ്പോസ് ചെയ്യാൻ അറിഞ്ഞിരിക്കണം. ഒരുമിനുറ്റിൽ 25 പദങ്ങൾ ടൈപ്പ് ചെയ്യണം.

(4) ഈ വിളംബരത്തിനുശേഷം രണ്ടുമാസത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമെ സ്വീകരിക്കുകയുള്ളു.

പരീക്ഷയ്ക്കുള്ള സിലബസ്സ് താഴെ ചേർക്കുന്നു:

***ഭാഗം 1 * വിശുദ്ധ ഖുർആൻ മുഴുവനും ഓതാൻ അറിയണം. ആദ്യജുസു തർജമയോടെ അറിയണം.***

**** ചാലീസ് ജവാഹർ പാരെ, ഇസ്‌ലാം കാര്യങ്ങൾ, നമസ്കാരം പൂർണമായും തർജമയോടു കൂടി. (മാർക്ക് 30)***

***ഭാഗം 2. * കശ്തിയെ നൂഹ്, ബർക്കാത്തുദ്ദുആ, ദീനീ മഅ്‌ലൂമാത്ത്***

***ഉപന്യാസം: അഹ്മദിയ്യ വിശ്വാസങ്ങൾ, ദുർറെ ഥമീനിൽനിന്നുള്ള പദ്യം(ശാനെ ഇസ് ലാം) (മാർക്ക് 20)***

***ഭാഗം 3. * 10+2 നു സമാനമായ ഇംഗ്ലീഷ് പരിചയം (മാർക്ക് 20)***

***ഭാഗം 4. * പത്താം ക്ലാസിനു സമാനമായ കണക്കിൽ പരിചയം(ഓഫീസ് സംബന്ധമായ ചോദ്യങ്ങളുണ്ടാകും) (മാർക്ക് 20)***

***ഭാഗം 5. * പൊതുവിജ്ഞാനം(G.K) (മാർക്ക് 10)***

(6) എഴുത്തു പരീക്ഷയിൽ വിജയിക്കുന്നവർക്ക് ഇന്റർവ്യു ഉണ്ടായിരിക്കുന്നതാണ്.

(7) എഴുത്തു പരീക്ഷ. കമ്പ്യൂട്ടർ ടെസ്റ്റ്, ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടി വരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കുമാത്രമെ നിയമനം ലഭിക്കുകയുള്ളു

(8) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി താമസ സൗകര്യം സ്വയം ചെയ്യേണ്ടിവരും.

(9) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.

(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

കൂടുതൽ വിവരങ്ങൾക്ക്:

*NAZARATH DEEVAN, SADR ANJUMAN AHMADIYYA, QADIAN, PIN 143 516*
*Mobile: 09682627592, 09682587713, OFFICE: 01872-501130,*
*E-mail:diwan@qadian.in*

## ഡ്രൈവർ ഒഴിവ് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ

നിബന്ധനകൾ:

(1) അപേക്ഷകന്റെ പ്രായം 18 - നും 40 - നും ഇടയിലായിരിക്കണം

(2) 10 - ാംക്ലാസ്സ് പാസായിരിക്കണം.

(3) അപേക്ഷകന്റെ കൈയിൽ വാലിഡായിട്ടുള്ള ഡ്രൈവിംഗ് ലൈസൻസുണ്ടായിരിക്കണം.

(4) സർക്കാർ ഓഫീസുകളിൽനിന്നോ പ്രൈവറ്റ് ഓഫീസുകളിൽനിന്നോ ഉള്ള രണ്ടു വർഷത്തെ ഡ്രൈവിംഗ് പരിചയ സർട്ടിഫിക്കേറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(5) അപേക്ഷകൻ ജനന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടത് നിർബന്ധമാണ്.

(6) അപേക്ഷകൻ എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസ്സാകേണ്ടത് നിർബന്ധമാണ്.

(7) എഴുത്തുപരീക്ഷയിലും ഇന്റർവ്യുവിലും പാസ്സാകുന്ന ഉദ്യോഗാർഥി ഡ്രൈവിംഗ് ടെസ്റ്റിനും വിധേയമാകണം.

(8) ഇന്റർവ്യൂവിൽ പാസാകുന്നവർക്ക് നൂർ ആശുപത്രി ഖാദിയാനിൽനിന്ന് മെഡിക്കൽ ചെക്കപ്പ് നടത്തേണ്ടിവരും. മെഡിക്കലിൽ ഫിറ്റാകുന്നവർക്കുമാത്രമെ നിയമനം ലഭിക്കുകയുള്ളു.

(9) ഉദ്യോഗാർഥിക്ക് ദർജദോമിന് സമാനമായ അലൗൺസും മറ്റു ആനുകൂല്യങ്ങളുമായിരിക്കും നൽകപ്പെടുക.

(10) സെലക്ഷൻ കിട്ടുന്നതനുസരിച്ച് ഉദ്യോഗാർഥി ഖാദിയാനിൽ ആദ്യത്തെ 5 വർഷംവരെ താമസ സൗകര്യം സ്വയം ചെയ്യേണ്ടിവരും.

(11) ഇതുസംബന്ധമായ വരവുചെലവുകളെല്ലാം ഉദ്യോഗാർഥിതന്നെ വഹിക്കേണ്ടതാണ്.

(നോട്ട്: എഴുത്തുപരീക്ഷയേയും ഇന്റർവ്യൂവിനേയും കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

കൂടുതൽ വിവരങ്ങൾക്ക്:

*NAZARATH DEEVAN, SADR ANJUMAN AHMADIYYA, QADIAN, PIN 143 516*
*Mobile: 09682627592, 09682587713, OFFICE: 01872-501130,*
*E-mail:diwan@qadian.in*

### • ഹദീഥുന്നബ്‌വി •

**"അവർ മസ്ജിദ് നിർമിക്കുന്നതിൽ ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നാകും. വളരെ കുറഞ്ഞതായിട്ടല്ലാതെ അവർ അവയെ സന്ദർശിക്കുകയില്ല."** (ബുഖാരി. 8:62)

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

### • ഹദീഥുന്നബ്‌വി •

**"നിങ്ങളിലാരെങ്കിലും ആഹാരം കഴിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഇഖാമത്ത് കൊടുക്കപ്പെട്ടാൽത്തന്നെയും അവർ തന്റെ ആവശ്യം നിർവഹിച്ചു കഴിയുന്നതുവരെ തിടുക്കം കൂട്ടാതിരിക്കുക."**(ബുഖാരി 10:42)



ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

POSTAL REG NO GDP-44/2023-2025 Vol-9 Thursday 24 October 2024 Issue-43

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ യൂറോപ്യൻ പര്യടനം

**വിവർത്തനം: മൗലവി സഫ്ർ അഹ്മദ് കോഴിക്കോട്**

**വാല്യം 9 ലക്കം 42 പേജ് 11, കോളം 1–ൽനിന്ന് തുടർച്ച...........**

ഹുദൂർ പറഞ്ഞു: ഇതു വലിയൊരു പ്രൊജക്ടായിരുന്നു. ഒരുപക്ഷേ, ഇത് പൂർത്തിയാകുമ്പോഴേക്കും ഒന്നുരണ്ട് വർഷമെടുക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ, അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് ഈ പ്രൊജക്ട് വേഗം പൂർത്തിയാക്കാനുള്ള സൗഭാഗ്യം തന്നരുളി. ഇന്ന് മനോഹരമായ ബിൽഡിംഗും അതിൽ എല്ലാ സൗകര്യങ്ങളും ലഭിച്ചിരിക്കുന്നു. ഈ കാര്യത്തിൽ വിദ്യാർഥികളും അല്ലാഹുവിനോടു നന്ദി കാണിക്കേണ്ടതാണ്. ഈ നന്ദികാണിക്കേണ്ടതിന്റെ ഒരു രീതി തങ്ങളുടെ പഠനകാര്യത്തിൽ നല്ല ശ്രദ്ധ ചെലുത്തുക എന്നുള്ളതാണ്. ഏതൊരു ലക്ഷ്യം നേടിയെടുക്കാൻ വേണ്ടിയാണോ ഈ ജാമിഅയിൽ ചേർന്നത് ആ ലക്ഷ്യം നേടിയെടുക്കാൻ ശ്രമിക്കുക. ആ ലക്ഷ്യം ലോകത്തെ നാശത്തിൽനിന്ന് രക്ഷപ്പെടുത്തുകയെന്നും മറ്റുള്ളവർക്കുവേണ്ടി തങ്ങളിൽ സ്നേഹവും പ്രേമവായ്പും ഉണ്ടാക്കിയെടുക്കുകയെന്നുമുള്ളതാണ്. അതിന്റെ മാതൃക ലൗകികമായ ആളുകളിൽ കാണുകയില്ല. അതുകൊണ്ട് ഈ ഉത്തരവാദിത്വത്തെ മനസ്സിലാക്കുകയും ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി തങ്ങളുടെ വിദ്യാഭ്യാസം കരസ്ഥമാക്കുകയും ചെയ്യുക. അതിനുശേഷം ഇത് നല്ലരീതിയിൽ പ്രചരിപ്പിക്കുമെന്നുള്ള പ്രതിജ്ഞയും എടുക്കുക.

ഹുദൂർ പറഞ്ഞു: ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നതെങ്ങനെയാണ്? ഒന്ന്, ഭൗതികവും രാഷ്ട്രീയവുമായ നിലയിലുള്ള പരിശ്രമമാണ്. അതിന് നമ്മൾ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം നൽകിക്കൊണ്ടിരിക്കുന്നു. പിന്നെ ഭൗതികരും ജനങ്ങളെ യുദ്ധത്തെക്കുറിച്ച് പറഞ്ഞ് ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഞാനും പല സന്ദർഭങ്ങളിലായി ഇത് പറഞ്ഞുവരുന്നുണ്ട്. എന്നാൽ, ജാമിഅയിൽ വിദ്യാഭ്യാസം കരസ്ഥമാക്കിയ ഒരു മുബല്ലിഗ്, ഒരു മുറബ്ബി അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് പറഞ്ഞുകൊടുത്ത് ലോകരെ ബോധവാന്മാരാക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുവേണ്ടി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാൻ പറഞ്ഞുകൊടുക്കണം. നമ്മുടെ ഓരോ പ്രവൃത്തിയും അല്ലാഹു കാണുന്നുണ്ടെന്ന ബോധം ഏതുവരെ ഹൃദയത്തിലുണ്ടാകുന്നില്ലയോ അതുവരെ ലോകത്ത് സമാധാനവും നീതിയും സ്നേഹവും സ്ഥാപിക്കാൻ സാധിക്കുകയില്ലെന്ന കാര്യവും ലോകരെ വിശ്വസിപ്പിക്കേണ്ടതായിവരും. അതുകൊണ്ട് നിങ്ങൾ ലോകർക്ക് ഇക്കാര്യം പറഞ്ഞുകൊടുത്ത് ബോധവാന്മാരാക്കുന്നതിന് പരിശ്രമിക്കുന്നതോടൊപ്പം തന്നെ സ്വയം ഈ അറിവിന്റേയും ഉത്തരവാദിത്വത്തിന്റേയും അവകാശികളാക്കി നിങ്ങളെ ആദ്യം മാറ്റേണ്ടതായുംവരും. നിങ്ങളിൽ ഈ അധ്യാപനം നടപ്പിലാക്കേണ്ടിവരും. നിങ്ങൾക്ക് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടതായി വരും. അപ്പോൾ മാത്രമേ നിങ്ങൾക്ക് ശരിയായ നിലയിൽ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കുകയുള്ളൂ. അല്ലാഹു എന്താണ്? അല്ലാഹുവിന്റെ അധ്യാപനമെന്താണ്? അല്ലാഹുവിന് തന്റെ സൃഷ്ടികളോടു എത്രമാത്രം സ്നേഹമുണ്ടെന്നും ഈ സ്നേഹംകൊണ്ട് അല്ലാഹു ഓരോ കാലഘട്ടത്തിലും ലോകരെ സംസ്കരിക്കുന്നതിനുവേണ്ടി പ്രവാചകന്മാരെ അയക്കുന്നുവെന്നും അവസാനമായി നബി(സ)തിരുമേനിയെ ഈ ലോകത്ത് അയച്ചുവെന്നും അങ്ങനെ മതത്തെ പൂർത്തിയക്കിയെന്നും പറഞ്ഞുകൊടുക്കേണ്ടിവരും. പിന്നീട് സ്വാഭാവികമായ വളർച്ച കാരണം ചിലപ്പോൾ മതത്തിൽ കുറ്റങ്ങളും കുറവുകളുമുണ്ടാകുന്നു. ഈ അവസാനത്തെ പരിപൂർണമായ ദീനിനെ നവീകരിക്കുന്നതിനുവേണ്ടിയും വീണ്ടും ഈ അധ്യാപനങ്ങളെ നടപ്പിലാക്കുന്നതിനുവേണ്ടിയും ഇതിനെ മനോഹരമായ നിലയിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയും ഇക്കാലത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹിനെ അയച്ചു എന്ന കാര്യവും പറയേണ്ടതുണ്ട്.

ഹുദൂർ പറഞ്ഞു: ഈ കാര്യങ്ങളൊക്കെ ജനങ്ങൾക്ക് പറഞ്ഞുകൊടുക്കുമ്പോൾ നിങ്ങൾക്ക് അല്ലാഹുവുമായി ഏതുനിലയിലുള്ള ബന്ധമാണുള്ളതെന്നും നിങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങൾ ഏതുരീതിയിൽ പ്രാവർത്തികമാക്കുന്നുവെന്നും നിങ്ങൾക്ക് അല്ലാഹുവിന്റെ സൃഷ്ടികളോട് എത്രമാത്രം സ്നേഹമുണ്ടെന്ന കാര്യം നോക്കേണ്ടതായി വരും. ഈ കാര്യങ്ങളൊക്കെ മുന്നിൽ വെക്കുകയാണെങ്കിൽ ഇൻശാഅല്ലാഹ് അല്ലാഹു നിങ്ങളുടെ കർമങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ടു പോകുന്നതായിരിക്കും.

ഹുദൂർ പറഞ്ഞു: വിശുദ്ധഖുർആനിൽ ***തഫഖഹൂ ഫിദ്ദീനിന്റെ*** (ദീനിൽ ചിന്തിക്കുക) എന്ന കല്പനയുണ്ട്. അതായത് നിങ്ങളിലൊരു വിഭാഗം **തഫഖഹൂ ഫിദ്ദീൻ** ചെയ്യുന്നവരായിട്ടുണ്ടാകണം. ജനിക്കുന്നതിനുമുമ്പേ മതം പഠിക്കുന്നതിനുവേണ്ടി മാതാപിതാക്കൾ വഖഫു ചെയ്ത പല വഖ്ഫെനൗ കുട്ടികളും നിങ്ങളിലുണ്ടാകും. അതിനുശേഷം നിങ്ങൾ സ്വയം നിങ്ങളെ വഖ്ഫു ചെയ്തു. നിങ്ങളെ ആരും നിർബന്ധിച്ചിട്ടില്ല. പ്രത്യുത നിങ്ങൾ സ്വയം ദീനിനുവേണ്ടി വഖ്ഫു ചെയ്യുകയാണെന്ന് പറഞ്ഞു. അതുകൊണ്ട് ദീൻ പഠിക്കുകയും പഠിക്കാൻ വേണ്ടി വരികയും ചെയ്ത സ്ഥിതിയെക്കുറിച്ചുള്ള ബോധവും നിങ്ങൾക്കുണ്ടാകേണ്ടതാണ്. അല്ലാഹു **തഫഖഹൂഫിദ്ദീൻ** എന്നതിനോടൊപ്പം നിങ്ങളുടെ ലക്ഷ്യം എന്തായിരിക്കണമെന്നും പറഞ്ഞുതന്നിരിക്കുന്നു. അതിപ്രകാരമാണ്: ഓരോ സമൂഹത്തേയും അല്ലെങ്കിൽ നിങ്ങളുടെ ചുറ്റുപാടുകളിലുള്ളവരെ നിങ്ങൾ ജാഗ്രതപ്പെടുത്തുക. ഞാൻ മുമ്പേ റഞ്ഞതുപോലെ അവരെ അല്ലാഹുവിലേക്ക് കൊണ്ടുവരിക. അല്ലാഹുവിന്റെ അസ്തിത്വത്തെക്കുറിച്ച് ജാഗ്രതപ്പെടുത്തുക. അവരിൽ ദീനിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധം ഉണ്ടാക്കിയെടുക്കുക. തെറ്റായ പ്രവൃത്തികളിൽനിന്നും മാർഗ്ഗഭ്രംശത്തിൽനിന്നും രക്ഷപ്പെടുന്നതിലേക്കും ശ്രദ്ധചെലുത്തുക.

ഹുദൂർ പറഞ്ഞു: അല്ലാഹു ഇസ്‌ലാമിൽ അവനോടുള്ള കടപ്പാടിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞതിനോടൊപ്പം തന്റെ ദാസരോടുള്ള കടമ നിറവേറ്റേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതും ഇതുതന്നെയാണ്. അതായത് രണ്ട് വലിയ ലക്ഷ്യവുമായിട്ടാണ് താൻ വന്നിട്ടുള്ളതെന്ന്. ഒന്ന് അല്ലാഹുവിന്റെ ദാസരെ അല്ലാഹുവുമായി ബന്ധിപ്പിക്കുക. രണ്ട് ദാസന്മാരോടുള്ള കടമകളിൽ ശ്രദ്ധ ചെലുത്തുക. എല്ലാവിധ മതപരമായ യുദ്ധങ്ങളും നിറുത്തലാക്കണമെന്നും ഇതിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നുണ്ട്. ഇപ്പോൾ ഇസ്‌ലാം ഭീകരത ഇഷ്ടപ്പെടുന്ന മതമാണെന്നും ഇസ്‌ലാം ഭീകരവാദത്തെ സഹായിക്കുന്നുവെന്നുമുള്ള ചിത്രമാണ് ലോകത്ത് പ്രചരിച്ചുകൊണ്ടിരിക്കുന്നത്. ആ ചിന്താഗതി ജനഹൃദയങ്ങളിൽനിന്ന് എടുത്തുമാറ്റേണ്ട ഉത്തരവാദിത്വവും നിങ്ങളിലാണുള്ളത്. അതിനുവേണ്ടി നിങ്ങൾക്ക് നിങ്ങളുടെ രീതിയിലുള്ള മാറ്റം വരുത്തേണ്ടതുണ്ട്. അന്യോന്യം സ്നേഹത്തോടും പ്രേമത്തോടുംകൂടി പെരുമാറുക. നിങ്ങൾക്ക് റുഹമാഉ ബയ്നഹും (നിങ്ങൾ അന്യോന്യം കാരുണ്യത്തോടെ വർത്തിക്കുക) എന്ന കല്പനയാണുള്ളത്. എന്നാൽ, ഇതിനോടൊപ്പം ആരിൽനിന്നാണോ മറ്റുള്ളവരും സുരക്ഷിതരായിരിക്കുന്നത് അവരാണ് യഥാർഥ മുസ്‌ലിം എന്ന കല്പനയുമുണ്ട്. സമാധാനം പ്ര ച

രിപ്പിക്കുകയും സ്നേഹം വ്യാപിപ്പിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും സുരക്ഷിതനാണ്. അവൻ സുരക്ഷിതനാണെന്ന് മാത്രമല്ല പ്രത്യുത അവനെ സംരക്ഷിക്കുകയെന്നത് നിങ്ങളുടെ ഉത്തരവാദിത്വവും കൂടിയാണ്. അതുകൊണ്ട് ഈയൊരു അധ്യാപനമാണ് ലോകർക്ക് നൽകേണ്ടത്. ഈയൊരു ലക്ഷ്യത്തിലൂടെ മാത്രമേ

**ശേഷം പേജ് 9 ൽ**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin